**2009, ഖുത്ബ നമ്പര്‍- 05**

بسم الله الرحمن الرحيم

# أَلَيْسَ اللّٰهُ بِكَافٍ عَبْدَهُ

30.01.2009
**ബയ്ത്തുല്‍ ഫുതൂഹ്,**
**ലണ്ടന്‍**

ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ യജമാനനായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയെ പിന്‍പറ്റിക്കൊണ്ട് കരസ്ഥമാക്കിയ ആത്മീയസ്ഥാനം ഓരോ അഹ്മദിക്കും അറിയാവുന്നതാണ്. കഴിഞ്ഞ ഖുത്ബയില്‍ അല്ലാഹുവിന്റെ كَافِى എന്ന വിശേഷഗുണത്തെ പരാമര്‍ശിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് തിരുനബി(സ)യോടുള്ള അതീവപ്രേമവും സ്നേഹവും കാരണം ആ മഹാത്മാവ് അല്ലാഹുവിന്റെ പ്രിയനായി മാറി എന്ന് ഞാന്‍ പറഞ്ഞിരുന്നു. ആ മഹാത്മാവിന് ലഭിച്ചിരിക്കുന്ന അറബി, ഉര്‍ദു, ഫാര്‍സി ഭാഷകളിലുള്ള ഇല്‍ഹാമുകള്‍ അത് ശരിയാണെന്ന് തെളിയിക്കുന്നു. കഴിഞ്ഞ ഖുത്ബയില്‍ പറഞ്ഞതുപോലെ വിശുദ്ധഖുര്‍ആന്റെ ചില വചനങ്ങള്‍ അദ്ദേഹത്തിന് ഇല്‍ഹാമിലൂടെയും അല്ലാഹു പറഞ്ഞുകൊടുത്തിട്ടുണ്ട്. അഹ്മദിയ്യാപ്രസ്ഥാനത്തില്‍ ഉദിച്ചുയരുന്ന ഓരോ സുദിനവും ആ മഹാത്മാവിനു ലഭിച്ച ഇല്‍ഹാമുകള്‍ സത്യമാണെന്ന് തെളിയിക്കുന്നു. അദ്ദേഹത്തിന്റെ വാദം തികച്ചും സത്യമാണെന്ന് സാക്ഷി പറയുന്നു. അല്ലാഹുവിന്റെ പേരില്‍ കളവ് പറയുന്നവരും പ്രത്യേകിച്ച് നുബുവ്വത്തിനെ കുറിച്ച് കള്ളവാദം പുറപ്പെടുവിക്കുന്നവര്‍, ഒരിക്കലും ദൈവീക ശിക്ഷയില്‍നിന്ന് രക്ഷപ്പെടുന്നതല്ല. വിശുദ്ധ ഖുര്‍ആനില്‍ ഈ തത്വം അല്ലാഹുതആല വിവരിച്ചിട്ടുണ്ട്. അല്‍ഹാഖ എന്ന സൂറത്തില്‍ പറയുന്നു;

وَلَوْ تَقَوَّلَ عَلَيْنَا بَعْضَ الْأَقَاوِيلِ ﴿٤٤﴾ لَأَخَذْنَا مِنْهُ بِالْيَمِينِ ﴿٤٥﴾
ثُمَّ لَقَطَعْنَا مِنْهُ الْوَتِينَ ﴿٤٦﴾ فَمَا مِنكُم مِّنْ أَحَدٍ عَنْهُ حَاجِزِينَ ﴿٤٧﴾
وَإِنَّهُ لَتَذْكِرَةٌ لِّلْمُتَّقِينَ ﴿٤٨﴾ (69:45-48)

*അദ്ദേഹം നമ്മുടെ മേല്‍ ചില വാക്കുകള്‍ കെട്ടിച്ചമത്തിയിരുന്നെങ്കില്‍ നാം അദ്ദേഹത്തെ വലതുകൈകൊണ്ട് പിടിക്കുമായിരുന്നു. എന്നിട്ട് അദ്ദേഹത്തിന്റെ ജീവനാഡി നാം അറുത്തുകളയുമായിരുന്നു. അപ്പോള്‍ അതിനെ തടയുന്നവരായി ആരും നിങ്ങളിലുണ്ടായിരിക്കുകയില്ല.*

അല്ലാഹുവിന്റെ പേരില്‍ കള്ളം കെട്ടിച്ചമക്കുന്നവരെ തിരിച്ചറിയാനുള്ള അടിസ്ഥാന മാനദണ്ഡമാണ് അല്ലാഹു ഇവിടെ വിവരിക്കുന്നത്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഈ മാനദണ്ഡം തന്റെ സത്യസാക്ഷ്യത്തിന്നായി സമര്‍പ്പിക്കുകയുണ്ടായി. ആ മഹാത്മാവ് അരുളുന്നു:

‘സത്യവാന് അല്ലാഹു മറ്റൊരു അടയാളം കൂടി വിവരിക്കുന്നുണ്ട്. അതിതാണ്. തിരുനബി(സ) യോട് അല്ലാഹു പറയുന്നു. നീ എന്റെ പേരില്‍ വചനങ്ങള്‍ സ്വയം ഉണ്ടാക്കി പറയുകയാണെങ്കില്‍ നാം എന്റെ വലതുകൈകൊണ്ട് നിന്നെ പിടിക്കുന്നതാണ്. അല്ലാഹുവിന്റെ പേരില്‍ വചനങ്ങള്‍ ഉണ്ടാക്കിപ്പറയുന്നവന്‍ ഒരിക്കലും വിജയിക്കില്ല. അവന്‍ നശിപ്പിക്കപ്പെടുന്നതാണ്. 25 വര്‍ഷമായി അല്ലാഹു നല്‍കിയ വഹ്‌യുകള്‍ ഞാന്‍ പ്രസിദ്ധീകരിച്ചു കൊണ്ടിരിക്കുകയാണ്. ഇത് അല്ലാഹുവിന്റെ പേരില്‍ കെട്ടുകെട്ടി പറഞ്ഞതായിരുന്നെങ്കില്‍ അല്ലാഹു തന്റെ വാഗ്ദാനം പൂര്‍ത്തിയാക്കേണ്ടതായിരുന്നില്ലെ? എന്നെ ശിക്ഷിക്കുന്നതിന് പകരം എന്നെ പിന്‍തുണക്കുന്നതിന്നായി ശതക്കണക്കിന് അടയാളങ്ങള്‍ അവന്‍ വെളിപ്പെടുത്തുകയാണ് ചെയ്തത്. സഹായത്തിനുമേല്‍ സഹായം എനിക്ക് ഇറക്കിത്തന്നുകൊണ്ടിരുന്നു. കള്ളവാദികളോട് ഈ രീതിയിലാണോ അല്ലാഹു വര്‍ത്തിക്കുന്നത്? ദജ്ജാലുകള്‍ക്ക് ഈ രീതിയിലുള്ള ദൈവസഹായങ്ങളാണോ ലഭിക്കാറുള്ളത്? ഒന്ന് ചിന്തിക്കുക. ഇങ്ങിനെ സഹായിക്കപ്പെട്ട ഏതെങ്കിലും ഒരു ഉദാഹരണം നിങ്ങള്‍ക്ക് സമര്‍പ്പിക്കാന്‍ കഴിയുമോ? എന്നാല്‍ ഇതിനുള്ള ഉദാഹരണം നിങ്ങള്‍ക്ക് ഒരിക്കലും ലഭിക്കില്ലെന്ന് ഞാന്‍ സത്യമായി പറയുന്നു.’

ആ മഹാത്മാവ് വീണ്ടും അരുളുന്നു,

‘തിരുനബി(സ)യോട് അല്ലാഹു പറയുന്നത്, ഒരു വചനമെങ്കിലും നീ എന്റെ പേരില്‍ ഉണ്ടാക്കിപ്പറഞ്ഞാല്‍ നിന്റെ ജീവനാഡി ഞാന്‍ അറുത്തുകളയും എന്നാണ്. وَلَوْ تَقَوَّلَ عَلَيْنَا......... ثُمَّ لَقَطَعْنَا مِنْهُ الْوَتِينَ എന്ന ആയത്തില്‍ നിന്ന് ഇത് വ്യക്തമാണ്. ഇവിടെ 24 വര്‍ഷം അല്ലാഹുവിന്റെ പേരില്‍ വചനങ്ങള്‍ ഉണ്ടാക്കിപ്പറഞ്ഞിട്ടും അല്ലാഹു തന്റെ നിയതിനിയമം നടപ്പില്‍ വരുത്തുന്നില്ലെന്നാണോ? തിന്മക്കും കളവിനും സ്ഥായിയായ നിലനില്‍പ്പില്ല. മനുഷ്യന്‍ അവസാനം കളവ് ഉപേക്ഷിക്കുന്നു. എന്നാല്‍ ഞാന്‍ മാത്രമാണോ 24 വര്‍ഷമായി കളവില്‍ തന്നെ നിലനില്‍ക്കുകയും എന്നിട്ടും യാതൊരു പ്രശ്നവുമില്ലാതെ മുന്നോട്ട് പോകുകയും ചെയ്യുന്നത്? മാത്രമല്ല അല്ലാഹുവും നിശബ്ദനായി ഇരിക്കുകയാണോ? എന്നെ പിടിക്കുന്നതിനുപകരം സഹായത്തിനുമേല്‍ സഹായങ്ങള്‍ നല്‍കിക്കൊണ്ടിരിക്കുകയാണ്. പ്രവചനങ്ങള്‍ നടത്തുകയും മറഞ്ഞിരിക്കുന്ന കാര്യങ്ങളില്‍ നിന്ന് ചിലത് കരസ്ഥമാക്കുകയും ചെയ്യുക എന്നത് ഒരു സാധാരണ വലിയ്ക്കുപോലും ചെയ്യാന്‍ സാധ്യമല്ല. അല്ലാഹുവിന്റെ സവിധത്തില്‍ പ്രത്യേക സ്ഥാനമുള്ളവര്‍ക്ക് മാത്രമേ ഈ പദവി കരസ്ഥമാവുകയുള്ളൂ. ഏതെങ്കിലും ഒരു വ്യക്തി അല്ലാഹുവിന്റെ പേരില്‍ വചനങ്ങള്‍ ഉണ്ടാക്കിപ്പറയുകയാണെങ്കില്‍ അവന്‍ നശിപ്പിക്കപ്പെടുന്നതാണ്. എന്തുകൊണ്ട് ഇവിടെ തിരുനബി(സ)യെ പ്രത്യേകമായി എടുത്തുപറയുന്നു? തിരുനബി(സ) അല്ലാഹുവിന്റെ പേരില്‍ വചനങ്ങള്‍ ഉണ്ടാക്കിപ്പറഞ്ഞാല്‍ അല്ലാഹു അദ്ദേഹത്തെ ശിക്ഷിക്കുകയും മറ്റാരെങ്കിലും പറഞ്ഞാല്‍ അവരെ വെറുതെ വിടുകയും ചെയ്യുക എന്നത് എങ്ങിനെ ശരിയാകും? ഇങ്ങിനെയാണെങ്കില്‍ വിശ്വാസം തന്നെ നഷ്ടപ്പെട്ടുപോകുന്നതാണ്. സത്യവാനും കള്ളവാദിയും തമ്മില്‍ ഒരു വ്യത്യാസവും നിലനില്‍ക്കുകയുമില്ല.’

ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ആക്ഷേപിക്കുന്നവർ പറയാറുള്ളത് ഈ ആയത്ത് തിരുനബി(സ)ക്ക് മാത്രം ബാധകമാണെന്നാണ്. മറ്റാർക്കും ഇത് ബാധകമല്ല പോലും! ഇതിനെയാണ് ഇവിടെ വിശദീകരിക്കുന്നത്. അല്ലാഹു തിരുനബി(സ)യെ മാത്രം പിടിക്കുകയും മറ്റുള്ളവർ അല്ലാഹുവിന്റെ പേരിൽ എന്തുതന്നെ വചനങ്ങൾ ഉണ്ടാക്കിപ്പറഞ്ഞാലും ഒന്നും ചെയ്യില്ല എന്നുമാണോ? സത്യവാനെ തിരിച്ചറിയുവാൻ അല്ലാഹു വെച്ചിട്ടുള്ള മാനദണ്ഢമാണിത്. ഈ ഒരു മാനദണ്ഢമനുസരിച്ച് ഓരോ സത്യവാനേയും നാം പരിശോധിക്കേണ്ടതാണ്. അസ്വദുൽ അൻസി, മുസൈലിമത്തുൽ കദാബ് എന്നിവരുടെ പര്യവസാനം ഇസ്ലാമിക ചരിത്രത്തിൽ രേഖപ്പെട്ടു കിടക്കുന്നു. എന്നിട്ടും മുസ്ലിംകൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ നിഷേധിക്കുന്നതിൽ മുഴുകി ഇരിക്കുകയാണോ? അതിനാൽ അല്ലാഹുവിന്റെ വചനത്തെ പരിഹസിക്കുന്നതിൽ നിന്നും നിന്ദിക്കുന്നതിൽനിന്നും വിശുദ്ധഖുർആനിൽ വിശ്വസിക്കുന്നവരെങ്കിലും വിട്ടുനിൽക്കേണ്ടതാണ്. മുസ്ലിംകളാണെന്ന് പറയുകയും ഖുർആന്റെ യഥാർത്ഥ ജ്ഞാനങ്ങൾ ഞങ്ങൾ മനസ്സിലാക്കിയിരിക്കുന്നു എന്ന് വാദിക്കുകയും ചെയ്യുന്നവരെ കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുകയുണ്ടായി. ബൈബിളിൽ പറഞ്ഞ കള്ളപ്രവാചകൻ വധിക്കപ്പെടും എന്ന കാര്യം എടുത്ത് പറഞ്ഞതിനുശേഷം ആ മഹാത്മാവ് പറയുന്നു,

'ഇതിൽനിന്നും മനസ്സിലാകുന്നത്, അല്ലാഹുവിന്റെ എല്ലാ പരിശുദ്ധഗ്രന്ഥങ്ങളും പറയുന്നത് കള്ളപ്രവാചകൻ നശിപ്പിക്കപ്പെടും എന്നാണ്. അക്ബർ രാജാവും രോശൻ ദീൻ ജലന്ദരിയും മറ്റൊരാളും നുബുവ്വത്ത് വാദിച്ചെങ്കിലും അവർ നശിച്ചില്ല എന്ന് പറയുന്നത് മറ്റൊരു വിഢ്ഢിത്തമാണ്. ഇവർ നുബുവ്വത്ത് വാദിച്ചു എന്നതും തുടർന്ന് 23 വർഷം വരെ നശിച്ചില്ല എന്നതും സത്യമാണെങ്കിൽ അവരുടെ വാദം അവരുടെ തന്നെ ലിഖിതങ്ങളിൽനിന്നും തെളിയിക്കേണ്ടതാണ്. അല്ലാഹുവിന്റെ പേരിൽ അവർ ജനങ്ങളുടെ മുമ്പാകെ വെളിപ്പെടുത്തിയ ഇൽഹാമുകൾ സമർപ്പിക്കേണ്ടതാണ്. അതായത് ഇന്ന വചനങ്ങളാണ് അല്ലാഹു എനിക്ക് വഹ്യ് ഇറക്കിതന്നിരിക്കുന്നത് എന്നും ഞാൻ അല്ലാഹുവിനാൽ അയക്കപ്പെട്ടവനാണെന്നും ഉള്ള ലിഖിതങ്ങൾ സമർപ്പിക്കണം. അവരുടെ വഹ്യ്യുടെ യഥാർത്ഥവചനങ്ങൾ അവരുടേത് തന്നെയാണെന്ന് തെളിവുകളുടെ അടിസ്ഥാനത്തിൽ സമർപ്പിക്കേണ്ടതാണ്. കാരണം ആ വഹ്യ് അല്ലാഹു എന്നിൽ ഇറക്കിയതാണെന്ന് പറഞ്ഞിരിക്കണം. അങ്ങിനെയുള്ള വചനങ്ങളാണ് സമർപ്പിക്കേണ്ടത്. അല്ലാഹു ഞങ്ങൾക്ക് നൽകിയ വഹ്യുകൾ ഇതെല്ലാമാണെന്ന് പറഞ്ഞുകൊണ്ട് ആ വചനങ്ങൾ ആദ്യം സമർപ്പിക്കുക. അതോടൊപ്പം 23 വർഷക്കാലം അവരിൽ ഇറങ്ങിക്കൊണ്ടിരുന്ന ദൈവവചനങ്ങൾ എന്തെല്ലാമാണെന്നും തെളിയിക്കേണ്ടതാണ്. ദൈവവചനങ്ങൾ എന്നപേരിൽ ജനങ്ങളുടെ മുമ്പാകെ സമർപ്പിച്ചിട്ടുള്ള വചനങ്ങൾ എല്ലാം തന്നെ സമർപ്പിക്കേണ്ടതാണ്. അങ്ങനെയാകുമ്പോഴാണ് 23 വർഷത്തിൽ ഇറങ്ങിയ അല്ലാഹുവിന്റെ വചനങ്ങൾ ഏതെല്ലാമാണെന്ന് മനസ്സിലാകുന്നത്. അല്ലാഹുവിന്റെ വചനങ്ങളാണെന്നുപറഞ്ഞ് ഖുർആൻ പ്രസിദ്ധീകരിച്ചതുപോലെ ജനസമക്ഷം ഈ വചനങ്ങൾ പ്രസിദ്ധീകരിച്ചതായിരിക്കണം. ഇങ്ങനെയുള്ള സാക്ഷ്യം ഇല്ലാത്തിടത്തോളം അവിശ്വാസികളെപോലെ വിശുദ്ധഖുർആനെ ആക്ഷേപിക്കുകയും وَلَوْ تَقَوَّلَ എന്ന ആയത്തിനെ പരിഹാസപാത്രമാക്കുകയും ചെയ്യുക എന്നത് അല്ലാഹുവിനെ ഭയമില്ലാത്ത ദുഷ്പ്രകൃതക്കാരുടെ പ്രവർത്തിയാണ്. ഇവർ നാവുകൊണ്ട് കലിമ ഉച്ചരിക്കുന്നുണ്ടെങ്കിലും അകത്ത് ഇസ്ലാമിനെ നിഷേധിക്കുന്നവരാണ്.'

ഇവിടെ മുസ്ലിംകൾ ചിന്തിക്കേണ്ടതാണ്. ഒരു സത്യവാനേയും അസത്യവാനെയും തിരിച്ചറിയുവാനുള്ള മാനദണ്ഡമാണിത്.

അല്ലാഹുവിന്റെ സഹായങ്ങളും ശത്രുക്കളുടെ ആക്രമണാവസരത്തിൽ അല്ലാഹു തനിക്ക് മതിയായിത്തീരുകയും ചെയ്ത കാര്യങ്ങൾ വിവരിച്ചുകൊണ്ട് ഒരു സ്ഥലത്ത് ആ മഹാത്മാവ് പറയുന്നു; തിരുനബി(സ)യെകുറിച്ച് പരാമർശിച്ചതിനുശേഷം സ്വന്തം അവസ്ഥ വിവരിച്ചുകൊണ്ട് പറയുന്നു; 'തിരുനബി(സ)ക്ക് ജീവിതത്തിൽ അഞ്ച് സങ്കീർണ്ണഘട്ടങ്ങൾ തരണം ചെയ്യേണ്ടി വന്നിട്ടുണ്ട്. ആ അവസരങ്ങളിൽ ജീവിതം രക്ഷപ്പെടുത്തുക എന്നത് അസാധ്യമായി കരുതപ്പെട്ടിരുന്നു. തിരുനബി(സ) അല്ലാഹുവിന്റെ സത്യസന്ധനായ പ്രവാചകനായിരുന്നില്ലെങ്കിൽ തീർച്ചയായും അദ്ദേഹം നശിപ്പിക്കപ്പെടുമായിരുന്നു. ഒന്നാമത്തെ സന്ദർഭം മക്കയിലെ നിഷേധികൾ തിരുനബി(സ)യുടെ വീട് വളയുകയും 'ഞങ്ങളിന്ന് മുഹമ്മദിനെ കൊല്ലും' എന്ന് സത്യം ചെയ്യുകയും ചെയ്തതാണ്. രണ്ടാമത്തെ സന്ദർഭം ഹദ്റത്ത് റസൂലുല്ലാഹി (സ)വും ഹദ്റത്ത് അബൂബക്കർ സിദ്ധീഖ്(റ)വും ഒളിച്ചിരുന്ന ഗുഹാമുഖത്ത് നിഷേധികൾ ഒരു മഹാജനാവലിയോടൊപ്പം എത്തിയതാണ്. മുന്നാമത്തെ സന്ദർഭം ഉഹദ് യുദ്ധത്തിൽ തിരുനബി(സ) ഒറ്റപ്പെടുകയും നിഷേധികൾ തിരുമേനിയെ വളയുകയും അങ്ങയെ വധിക്കാനായി പല വാളുകളും ഉയരുകയും ചെയ്തു. പക്ഷെ ഒന്നും ലക്ഷ്യം കണ്ടില്ല. ഇത് ഒരു മുഅജിസത്ത് തന്നെയായിരുന്നു. ഒരു യഹൂദി സ്ത്രീ തിരുനബി(സ)ക്ക് മാംസത്തിൽ വിഷം കലർത്തി നൽകിയ സന്ദർഭമാണ് നാലാമത്തേത്. ആ വിഷം വളരെ ശക്തവും പെട്ടെന്ന് മരിച്ചുപോകാൻ പര്യാപ്തമായതുമായിരുന്നു. അത് നല്ല മാത്രയിൽ മാംസത്തിൽ ചേർക്കുകയും ചെയ്തിരുന്നു. എന്നാൽ അല്ലാഹു തആല തിരുനബി(സ) യെ അതിൽ നിന്നും സംരക്ഷിച്ചു. അഞ്ചാമത്തെ സന്ദർഭം പേർഷ്യൻ രാജാവായ ഖുസ്റൂ പർവേസ് തിരുനബി(സ)യെ വധിക്കാൻ ഉറച്ച തീരുമാനമെടുക്കുകയും അതിന്നായി അറസ്റ്റ് ചെയ്യാൻ തന്റെ പട്ടാളത്തെ അയക്കുകയും ചെയ്തിരുന്നു. ഈ അപകടകരമായ അവസരത്തിൽനിന്ന് തിരുദൂതർ രക്ഷപ്പെട്ടതും ഈ ശത്രുക്കളുടെ മേൽ അവസാനം വിജയം കൈവരിച്ചു എന്നതും ആ മഹാത്മാവ്

സത്യസന്ധനാണെന്നും അല്ലാഹു അങ്ങയോടൊപ്പം ഉണ്ടെന്നുമുള്ളതിനുള്ള തെളിവാണ്.'

ഇതിനെ വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) തുടരുന്നു;

'അത്ഭുതകരമെന്ന് പറയട്ടെ, എന്റെ ജീവിതത്തിലും അഭിമാനവും ജീവനും വലിയ അപകടത്തിൽപ്പെട്ട അഞ്ച് സങ്കീർണ്ണമായ സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ട്. ഡോക്ടർ മാർട്ടിൻ ക്ലർക്ക് എന്റെ പേരിൽ ഒരു വധോദ്യമകേസ്സ് നൽകിയതാണ് ഒന്നാമത്തെ സന്ദർഭം. ഡോയി സാഹിബ് ഡെപ്യൂട്ടി കമ്മീഷണർ ഗുരുദാസ്പൂരിന്റെ കച്ചേരിയിൽ എനിക്കെതിരിൽ നൽകിയ കേസ്സാണ് രണ്ടാമത്തേത്. മൂന്നാമത്തെ സന്ദർഭം കരംദീൻ എന്ന വ്യക്തി ജഹ്‌ലം എന്ന സ്ഥലത്ത് എന്റെ പേരിൽ നൽകിയ കേസ്സാണ്. നാലാമത്തേത് ഇതേ കരംദീൻ ഗുരുദാസ്പൂരിൽ എനിക്കെതിരെ നൽകിയകേസ്സാണ്. അഞ്ചാമത്തെ സന്ദർഭം ലേഖ്റാം വധിക്കപ്പെട്ടപ്പോൾ എന്റെ വീട് റെയ്ഡ് നടത്തുകയും ശത്രുക്കൾ ഘാതകൻ ഞാനാണെന്ന് തെളിയിക്കാൻ കഴിവിന്റെ പരമാവധി ശ്രമിക്കുകയും ചെയ്തതാണ്. ഈ എല്ലാ അവസരത്തിലും ശത്രുക്കൾ പരാജയപ്പെടുകയാണുണ്ടായത്.'

ഇവിടെ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നത്, 'എന്റെ യജമാനനെ പരിപൂർണ്ണമായു പിൻപറ്റിയതുകൊണ്ടാണ് ഞാൻ വാഗ്ദത്ത മസീഹും മഹ്ദിയും എല്ലാം ആയിത്തീർന്നത്. അതിനെ പലരീതിയിൽ അല്ലാഹു സത്യമാണെന്ന് സാക്ഷ്യപ്പെടുത്തുകയാണ്.' ഇവിടെ ഹദ്റത്ത് മസീഹ് മൗഊദ്(അ) തിരുനബി(സ)യുടെ സംഭവങ്ങളുമായി തന്റെ സംഭവങ്ങളെ സാദൃശ്യപ്പെടുത്തി പറയുകയും ചെയ്യുന്നു. യജമാനന്റെ മഹത്വം ഒന്ന് വേറെ തന്നെയാണെങ്കിലും പ്രവാചകനെ പൂർണ്ണമായും പിൻപറ്റിയതിന്റെ പേരിൽ അല്ലാഹു തന്റെ *മതിയായവൻ* എന്ന സിഫത്ത് ശിഷ്യനിലൂടെയും പ്രകടിപ്പിക്കുകയാണ് ചെയ്യുന്നത്. ഇതല്ലാതെ മറ്റുപല സന്ദർഭങ്ങളുമുണ്ട്. കഴിഞ്ഞ ഖുത്വ്ബയിൽ സമയമില്ലാതിരുന്നതുകൊണ്ട് എനിക്ക് അതൊന്നും കേൾപ്പിക്കാൻ സാധിച്ചിരുന്നില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ലഭിച്ച അല്ലാഹുവിന്റെ സഹായ ഹസ്തങ്ങളുടെ ചില കാഴ്ചകൾ നിങ്ങളുടെ മുമ്പാകെ ഞാൻ സമർപ്പിക്കുകയാണ്.

ഡോക്ടർ മാർട്ടിൻ ക്ലാർക്കിന്റെ കേസ്സ് അഹ്മദിയ്യാ ചരിത്രത്തിൽ വളരെ പ്രസിദ്ധമാണ്. ഇത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്നെതിരിൽ നൽകപ്പെട്ട കേസ്സായിരുന്നു. ഇതിൽ ഹിന്ദുക്കളും ക്രിസ്ത്യാനികളും മുസ്ലിംകളും എല്ലാം ആ മഹാത്മാവിന്നെതിരിലായിരുന്നു. ഇത് വിവരിക്കാൻ കുറേ ഉണ്ട്. ഏതായിരുന്നാലും അദ്ദേഹത്തെ അല്ലാഹു ഇതിൽനുന്നും സുരക്ഷിതമായി മോചിപ്പിക്കുകയുണ്ടായി. എന്നാൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ പരിഹസിക്കുകയും അദ്ദേഹം പരിഹാസ്യനായിത്തീരണമെന്ന് ആഗ്രഹിക്കുകയും ചെയ്തവരുടെ അവസ്ഥ എന്തായി എന്ന് നമുക്ക് നോക്കാം. ഈ കേസ്സുമായി ബന്ധപ്പെട്ട ഒരു സംഭവം ഞാൻ വിവരിക്കാം.

ഹദ്റത്ത് മസീഹ് മൗഊദ് (അ) എഴുതുന്നു. അല്ലാഹു അതിശക്തവാനും പ്രതാപവാനുമാണ്. അവന്റെ മുമ്പിൽ ആത്മാർത്ഥതയോടെ കുമ്പിടുന്നവൻ ഒരിക്കലും പാഴായിപ്പോകുന്നതല്ല. ശത്രുക്കൾ കരുതുന്നത് തങ്ങളുടെ പദ്ധതി മുഖേന അവനെ നശിപ്പിക്കുവാൻ സാധിക്കുമെന്നാണ്. ദുഷ്പ്രകൃതക്കാരൻ വിചാരിക്കുന്നത് ഞാൻ അവനെ പൂർണ്ണമായും ഇല്ലാതാക്കും എന്നാണ്. എന്നാൽ അല്ലാഹു ചോദിക്കുന്നത്, അൽപ്പജ്ഞാനികളെ! നീ എന്നോട് പോരിനുമുതിരുകയാണോ? എന്റെ പ്രിയനെ നിനക്ക് നിന്ദ്യനാക്കാൻ സാധിക്കുമോ? ആകാശത്ത് നേരത്തേ തീരുമാനിക്കപ്പെട്ടതു മാത്രമേ ഭൂമിയിൽ നടക്കുകയുള്ളൂ. ആകാശത്ത് നീട്ടപ്പെട്ട അത്രമാത്രമേ ഭൂമിയുടെ കൈകൾക്ക് നീട്ടാൻ സാധിക്കുകയുള്ളൂ.

ഈ കേസ്സുമായി ബന്ധപ്പെട്ട ഒരു സംഭവം അദ്ദേഹം വിവരിക്കുന്നു.

''ഞാൻ ഡെപ്യൂട്ടി കമ്മീഷണറുടെ കച്ചേരിയിൽ എത്തുന്നതിനുമുമ്പേതന്നെ എനിക്കായി അവിടെ ഒരു കസേര തയ്യാറാക്കിവെച്ചിരുന്നു. ഞാൻ അവിടെ എത്തിയപ്പോൾ അദ്ദേഹം വളരെ സ്നേഹത്തോടും വാത്സല്യത്തോടും കസേരയിൽ ഇരിക്കാനായി എന്നോട് ആംഗ്യം കാണിച്ചു. അങ്ങിനെ ഞാൻ കസേരയിൽ ഇരുന്നു. ആ സന്ദർഭത്തിൽ മുഹമ്മദ് ഹുസൈൻ ബട്ടാലവിയും അതേപോലെ എന്റെ അറസ്റ്റും നിന്ദ്യതയും കാണാൻ വേണ്ടി തടിച്ചുകൂടിയ നൂറുകണക്കിന് ആളുകളും അത്ഭുത സ്തബ്ദരായിപ്പോയി. കാരണം ഈ ദിവസം ഈ വ്യക്തിയുടെ നിന്ദ്യതയുടെ ദിവസമായാണ് അവർ കണക്കുകൂട്ടിയിരുന്നത്. എന്നാൽ ഇന്ന് ഇദ്ദേഹം വളരെ വാത്സല്യത്തോടെ കസേരയിൽ ഉപവിഷ്ടനാക്കപ്പെടുകയാണ് ചെയ്തത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) തുടരുന്നു: ഞാൻ അപ്പോൾ എന്റെ മനസ്സിൽ കരുതുന്നുണ്ടായിരുന്നു. ഇത് എന്റെ എതിരാളികൾക്ക് വലിയൊരു ശിക്ഷ തന്നെയാണ് കാരണം അവരുടെ പ്രതീക്ഷക്ക് വിരുദ്ധമായി എനിക്ക് കോടതിയിൽ ആദരവ് നൽകപ്പെടുകയാണ് ചെയ്തത്. എന്നാൽ അല്ലാഹുവിന്റെ ഉദ്ദേശം അവരെ ഇതിനേക്കാളും നിന്ദ്യരാക്കാനായിരുന്നു. എതിരാളികളുടെ നേതാവായ മുഹമ്മദ് ഹുസൈൻ ബട്ടാലവി, ഇദ്ദേഹം എന്റെ അഭിമാനത്തേയും ജീവനെയും ഇല്ലാതാക്കാൻ കഴിവിന്റെ പരമാവധി ശ്രമിച്ചു കൊണ്ടിരിക്കുന്ന വ്യക്തിയാണ്. ഇദ്ദേഹം മാർട്ടിൻ ക്ലാർക്കിന്റെ കേസ്സിൽ എനിക്കെതിരിൽ സാക്ഷിപറയാൻ വന്നു. ക്ലാർക്കിനെ വധിക്കാൻ അബ്ദുൾ ഹമീദ് എന്ന വ്യക്തിയെ അയച്ച ആൾ ഞാൻ (മസീഹ് മൗഊദ്) തന്നെയാണെന്ന് കോടതിയെ ധരിപ്പിക്കാനാണ് അയാൾ കോടതിയിൽ ഹാജരായത്. ബട്ടാലവി സാക്ഷി പറയുന്നതിന് കോടതിയിൽ എത്തുന്നതിനു മുമ്പേ തന്നെ ക്ലാർക്ക് സാഹിബ് ഡപ്യൂട്ടി കമ്മീഷണറുടെ അടുത്ത്പോയി ബട്ടാലവിക്കു വേണ്ടി കസേര നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു. കാരണം ഇയാൾ പണ്ഡിത ശിരോമണിയാണ്. എന്നാൽ ഡപ്യൂട്ടി കമ്മീഷണർ ഈ അപേക്ഷ തിരസ്ക

രിക്കുകയാണ് ഉണ്ടായത്. മുഹമ്മദ് ഹുസൈൻ സാഹിബിന് അയാൾക്കു വേണ്ടി കസേരക്ക് അപേക്ഷിച്ച സംഭവം അറിയില്ലായിരുന്നു എന്നാണ് തോന്നുന്നത്. അതിനാൽ സാക്ഷ്യം നൽകാൻ അകത്തേക്ക് അയാളെ വിളിച്ചപ്പോൾ -ഈ പണ്ഢിതർ സ്ഥാനമാനങ്ങൾ എപ്പോഴും ആഗ്രഹിക്കുന്നവരാണ്- വളരെ അഹങ്കാരത്തോടെ ഡപ്യൂട്ടി കമ്മീഷണറോട് കസേര ആവശ്യപ്പെട്ടു. അദ്ദേഹം പറഞ്ഞു. നിങ്ങൾക്ക് കോടതിയിൽ കസേര നൽകപ്പെടാറില്ല. അതുകൊണ്ട് എനിക്ക് കസേര അനുവദിക്കാൻ പറ്റില്ല. കസേര കിട്ടാൻ വേണ്ടി ബട്ടാലവി പറഞ്ഞു, 'എനിക്ക് കസേര ലഭിക്കാറുണ്ട്. എന്റെ പിതാവ് റഹീം ബക്ഷിനും കസേര ലഭിക്കാറുള്ളതാണ്.' സാഹിബ് ബഹാദൂർ പറഞ്ഞു, 'നീ കള്ളനാണ്, നിനക്കോ നിന്റെ പിതാവ് റഹീം ബക്ഷിനോ കസേര ലഭിക്കാറില്ല. നിങ്ങൾക്ക് കസേര നൽകണം എന്നതിനുള്ള ഒരു ഓർഡറും എനിക്ക് ലഭിച്ചിട്ടില്ല.' അപ്പോൾ ബട്ടാലവി പറഞ്ഞു, 'ലാട്ട് സാഹിബ് കസേര നൽകാറുണ്ടെന്ന കത്ത് എന്റെ പക്കലുണ്ട്.' ഈ പച്ചക്കള്ളം കേട്ട് ഡെപ്യൂട്ടിസാഹിബ് കോപിക്കുകയും എന്നിട്ട് പറയുകയും ചെയ്തു, 'ചിലക്കാതെ പിന്നോട്ട് മാറി നേരെ നിൽക്കൂ'. അപ്പോൾ എനിക്ക് മുഹമ്മദ് ഹുസൈനോട് വളരെ ദയ തോന്നുകയുണ്ടായി. അയാളുടെ അവസ്ഥ അപ്പോൾ മരണതുല്ല്യമായിരുന്നു. അയാളുടെ ശരീരം അപ്പോൾ കഷ്ണിച്ചാൽ ഒരു തുള്ളി രക്തം പോലും പൊടിഞ്ഞെന്നുവരില്ല. എന്റെ ജീവിതത്തിൽ ഈ രീതിയിൽ ഒരാൾ നിന്ദ്യനായിക്കണ്ട മറ്റൊരു സംഭവം ഓർമ്മയില്ല. പാവം വളരെ വിഷണ്ണനായി വിറച്ചുകൊണ്ട് പിന്നോട്ട് മാറി. ആദ്യം മേശയിൽ ചാരിയാണ് നിന്നിരുന്നത്. ഇപ്പോൾ നേരെ നിന്നു. ഇത് കണ്ടപ്പോൾ അല്ലാഹുവിന്റെ ഇൽഹാം എനിക്കോർമ്മ വന്നു. اِنِّی مُهِيْنٌ مَنْ اَرَادَ اهَانَتَكَ *നിന്റെ നിന്ദ്യത ആഗ്രഹിക്കുന്നവനെ ഞാൻ നിന്ദിക്കുന്നതാണ്.* ഇത് അല്ലാഹുവിന്റെ വചനമാണ്. ഇതിനെകുറിച്ച് ചിന്തിക്കുന്നവർ അനുഗ്രഹീതർ. ഇതോടൊപ്പം ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ മറ്റൊരു ഇൽഹാം കൂടിയുണ്ട്. إِنَّا كَفَيْنَاكَ الْمُسْتَهْزِئِينَ ഇതും കൃത്യമായി ഇവിടെയും പുലർന്ന കാഴ്ച ശരിക്കും കാണാവുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിന്ദ്യത ആഗ്രഹിച്ചിരുന്ന വ്യക്തി, ഈ കേസിൽ ആ മഹാത്മാവിന്റെ പരാജയം ദർശിക്കുമെന്ന് കൊതിച്ച വ്യക്തി, ഹദ്റത്ത് മസീഹ് മൗഊദ്(അ) നെ പരിഹസിക്കാൻ അവസരം കാത്തിരുന്ന വ്യക്തി, ഇതിനെല്ലാം സ്വയം ഇരയായിത്തീരുകയാണ് ചെയ്തത്. അല്ലാഹുവിന്റെ സഹായങ്ങൾ ഈ രീതിയിലാണ് വെളിപ്പെട്ടു കൊണ്ടിരുന്നത്.

ബറാഹീനെ അഹ്മദിയ്യാ പ്രസിദ്ധീകരിച്ചപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ജീവിതത്തിലുണ്ടായ ഒരു സംഭവമുണ്ട്. ആ സന്ദർഭത്തിൽ ഇതിനെ സഹായിക്കാനായി പലർക്കും അദ്ദേഹം കത്തയച്ചിരുന്നു. വലിയ പണ്ഢിതനായിരുന്ന നവാബ് സിദ്ദീഖ് ഹസൻ ഖാൻ സാഹിബിനും സഹായമഭ്യർത്ഥിച്ചുകൊണ്ട് എഴുതിയിരുന്നു. അദ്ദേഹം ഭോപാൽ നിവാസിയായിരുന്നു. യമനിൽ നിന്നും ഇന്ത്യയിൽനിന്നുമാണ് മതപഠനം കരസ്ഥമാക്കിയിരുന്നത്. ഭോപ്പാൽ ഗവൺമെന്റിൽ ജോലിയിൽ പ്രവേശിച്ചു. അതിൽ ഉയർച്ച ലഭിച്ചുകൊണ്ടിരുന്നു. അങ്ങനെ മന്ത്രിസ്ഥാനത്തും അതിനെക്കാളും ഉയർന്ന സ്ഥാനത്തും വരെ എത്തിയിരുന്നു. അദ്ദേഹത്തിന്റെ വിവാഹം നടന്നത് ആ പ്രദേശത്തിന്റെ ഭരണസാരഥ്യം വഹിക്കുന്ന നവാബ് ഷാജഹാൻ ബീഗവുമായിട്ടായതുകൊണ്ട് ആ പ്രദേശത്തെ ഭരണം പൂർണ്ണമായും ഇദ്ദേഹത്തിന്റെ കൈകളിൽ വന്നു. ബ്രിട്ടീഷ് ഗവൺമെന്റ് അക്കാലത്ത് അദ്ദേഹത്തിന് നവാബ് വാലാജാ, അമീറുൽ മുൽക്ക്, മുഅ്ത്തമിദുൽ മുഹാം എന്നീ പദവികൾ നൽകി ആദരിച്ചു. അഹ്ലെഹദീസ് വിഭാഗത്തിൽ പെട്ട ആളായിരുന്നു. ഇങ്ങനെയുള്ള ഭൗതിക പ്രതാപത്തിലായിരുന്നിട്ടും ഇസ്ലാമിക ഗ്രന്ഥങ്ങൾ രചിക്കുന്നതിൽ മുഴുകിയിരുന്നു. ഏതായിരുന്നാലും മതപരമായ അറിവ് ഉണ്ടായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) അദ്ദേഹത്തെ നല്ലവനും മുത്തഖിയുമായാണ് കരുതിയിരുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ബറാഹീനെ അഹ്മദിയ്യാ ഒന്നാം ഭാഗം പ്രസിദ്ധീകരിച്ചപ്പോൾ ഇത് വാങ്ങി സഹായിക്കണമെന്നും എന്നാൽ മാത്രമെ അടുത്ത വാല്യം പ്രസിദ്ധീകരിക്കാൻ സാധിക്കുകയുള്ളൂ എന്നും പറഞ്ഞ് പലർക്കും കത്തയച്ചിരുന്നു. ഇയാൾക്കും കത്തയച്ചു. അതിന് മറുപടിയായി ആദ്യം അദ്ദേഹം താൻ സഹായിക്കുന്നതാണെന്നും കുറച്ച് കോപ്പികൾ വാങ്ങാമെന്നും എഴുതി. പിന്നീട് ഒന്നും മിണ്ടിയില്ല. ഹദ്റത്ത് മസീഹ് മൗഊദ് (അ) അദ്ദേഹത്തെ ഇക്കാര്യം ഓർമ്മപ്പെടുത്തിയപ്പോൾ അയാൾ മറുപടി എഴുതി. മതസംവാദങ്ങളുള്ള ഗ്രന്ഥങ്ങൾ വാങ്ങുകയോ അതിനെ സഹായിക്കുകയോ ചെയ്യുന്നത് ബ്രിട്ടീഷ് ഗവൺമെന്റിന്റെ നിയമത്തിന്ന് വിരുദ്ധമാണ്. അതുകൊണ്ട് ഈ പുസ്തകം ഞാൻ വാങ്ങും എന്ന പ്രതീക്ഷ വെച്ചുപുലർത്തേണ്ട.'

ഇവർ നമ്മെകുറിച്ച് ആക്ഷേപിക്കാറുള്ളത് ഹദ്റത്ത് മസീഹ് മൗഊദ് (അ) ബ്രിട്ടീഷുകാർ നട്ട ചെടിയാണെന്നാണ്. എന്നാൽ ഇവരുടെ പ്രസിദ്ധനായ പണ്ഡിതൻ ബ്രിട്ടീഷുകാരുടെ പ്രീതി കരസ്ഥമാക്കാൻ ഗ്രന്ഥം പോലും വാങ്ങാൻ തയ്യാറാകുന്നില്ല. ഈ ഗ്രന്ഥങ്ങൾ ഇസ്ലാമിന്നെതിരിൽ വരുന്ന ആരോപണങ്ങളെ തടുക്കുന്നതിന്നായി എഴുതിയതായിരുന്നു.

ഹാഫിസ് ഹാമിദലി സാഹിബ് ഈ സംഭവത്തെ ഇപ്രകാരം എഴുതുന്നു, 'നവാബ് സിദ്ദീഖ് ഹസൻ ഖാന് പുസ്തകം പേക്ക് ചെയ്ത് അയച്ചിരുന്നു. അയാൾ അത് തിരിച്ചയച്ചു എന്ന് മാത്രമല്ല ആ പുസ്തകമെല്ലാം കീറിയതിനുശേഷമാണ് തിരിച്ചയച്ചത്. പുസ്തകത്തിന്റെ ഈ അവ സ്ഥ കണ്ടപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ മുഖം ദേഷ്യംകൊണ്ട് ചുവന്നുതുടുത്തു. എന്നിട്ട് പറഞ്ഞു. ശരി നീ നിന്റെ ഗവൺമെന്റിനെ സന്തോഷിപ്പിച്ചോ! എന്നിട്ട് ഇപ്രകാരം ദുആ ചെയ്തു. 'അല്ലാഹു അയാളുടെ ആദരവ് പിച്ചിച്ചീന്തുമാറാകട്ടെ'. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു; നാം നവാബ് സാഹി

ബിൽ പ്രതീക്ഷയൊന്നും അർപ്പിക്കുന്നില്ല. ആദരണീയനായ അല്ലാഹുവാണ് നമ്മുടെ പ്രതീക്ഷ കേന്ദ്രം. അവനാണ് നമുക്ക് മതിയായവനും. ബ്രിട്ടീഷ് ഗവൺമെന്റ് നവാബ് സാഹിബിൽ സന്തുഷ്ടനാകട്ടെ.'

അമീർ അബ്ബാസ് അലി സാഹിബിന്റെ പേരിൽ അയച്ച കത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) എഴുതി. ബറാഹീനെ അഹ്മദിയ്യ എന്ന ഗ്രന്ഥം പ്രസിദ്ധീകരിക്കാൻ തുടങ്ങിയപ്പോൾ ഇസ്‌ലാമിക ഭരണകൂടങ്ങൾ ഉള്ളിടത്തേക്ക് ഈ കാര്യത്തിൽ ശ്രദ്ധ തിരിക്കാനും സഹായത്തിനുമായി എഴുതുകയുണ്ടായി. പുസ്തകവും കൂടെ അയച്ചിരുന്നു. നവാബ് ഇബ്റാഹീം അലിഖാൻ സാഹിബ് നവാബ് മലേർ കോട്ടില, മഹ്മൂദ് ഖാൻ സാഹിബ്, റഈസ് ഛത്താരി, മുദാറുൽ മുഹാം യോനഘട്ട് എന്നിവർ കുറച്ച് സഹായിച്ചിട്ടുണ്ട്. മറ്റുള്ളവർ ഇക്കാര്യത്തിൽ ശ്രദ്ധിച്ചതുപോലുമില്ല. ചിലർ വാഗ്ദാനം ചെയ്തെങ്കിലും അത് നൽകിയിട്ടില്ല. നവാബ് സിദ്ദീഖ് ഹസൻ സാഹിബ് ഭോപാലിൽ നിന്നും വളരെ മോശമായ കത്താണ് അയച്ചത്. അതുകൊണ്ട് ഈ ഭരണകൂടങ്ങളോട് നിങ്ങൾ ഒരു പ്രതീക്ഷയും വെച്ചുപലർത്തേണ്ടതില്ല. ഇതിന്റെ സഹായിയായി അല്ലാഹുവിനെ മതിയായവനായി കരുതുക. أَلَيْسَ اللَّهُ بِكَافٍ عَبْدَهُ

അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദുആകൾ സ്വീകരിച്ചുകൊണ്ട് നവാബ് സാഹിബിനെ ഏതു രീതിയിൽ നിന്ദ്യനാക്കിത്തീർത്തു എന്ന് ചരിത്രം നമ്മോട് പറയുന്നു. അയാൾ ബ്രിട്ടീഷ് ഗവൺമെന്റിനെ പ്രീതിപ്പെടുത്താനാണ് ശ്രമിച്ചത്. പല ആരോപണങ്ങളും ഇതേ ഗവൺമെന്റ് അദ്ദേഹത്തിൽ ആരോപിച്ചു. എന്നിട്ട് ഒരു അന്വേഷണക്കമ്മീഷനെ അയാൾക്കെതിരിൽ നിയമിക്കുകയും ചെയ്തു. കമ്മീഷൻ നൽകിയ റിപ്പോർട്ടിൽ ഇദ്ദേഹം ബ്രിട്ടീഷ് ഗവൺമെന്റിനെതിരിൽ രാജ്യദ്രോഹം ചെയ്യാൻ പ്രേരിപ്പിക്കുകയും ഇതേപോലുള്ള മറ്റു പല ആരോപണങ്ങളും ശരിയാണെന്ന് തെളിയുകയും ചെയ്തു. ഇതുകാരണം അയാൾക്ക് നൽകിയിരുന്ന എല്ലാ ബഹുമതികളും അയാളിൽനിന്ന് എടുത്തു മാറ്റുകയു ണ്ടായി. മാത്രമല്ല വലിയ പണ്ഡിതനാണെന്ന് പറഞ്ഞ് വളരെയധികം ആദരവ് നൽകിയിരുന്ന മുസ്‌ലിംകൾ പോലും ബ്രിട്ടീഷ് ഗവൺമെന്റിനോട് പറഞ്ഞത് നിങ്ങൾ ചെയ്തത് പോലുള്ള പെരുമാറ്റം തന്നെയാണ് ഇയാളോട് ചെയ്യേണ്ടത് എന്നാണ്. അവസാനം ഇയാളുടെ അവസ്ഥ വളരെ വഷളായപ്പോൾ പലരും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അടുത്ത് വന്ന് അദ്ദേഹത്തിനുവേണ്ടി ദുആ ചെയ്യാൻ അപേക്ഷിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ) അയാൾക്കു വേണ്ടി ദുആ ചെയ്തു. അങ്ങനെ ഇയാളിൽ നിന്ന് തിരിച്ചെടുക്കപ്പെട്ട പദവികൾ തിരികെ ലഭിക്കുകയുണ്ടായി. ലേഖ്റാം ഇതുസംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ പരിഹസിച്ചുകൊണ്ട് ഇപ്രകാരം എഴുതി. 'താങ്കൾ പറയുന്നത് ദൈവം നിങ്ങളുടെ പ്രാർത്ഥന സ്വീകരിക്കുന്നുണ്ടെന്നും ദൈവം നിങ്ങളുടെ കൂടെയുണ്ടെന്നുമാണ്. നവാബ് സിദ്ദീഖ് ഹസൻ ഖാൻ മുസ്‌ലിമാണ്. ഇയാളുടെ അവസ്ഥ വളരെ മോശമാണ്. മാത്രമല്ല വളരെ നിന്ദ്യമായ അവസ്ഥയിലുമാണ് ഇപ്പോൾ കഴിയുന്നത്. അതുകൊണ്ട് ഇയാളെ ഇതിൽനിന്നും മോചിപ്പിക്കാൻ എന്തുകൊണ്ട് താങ്കൾ പ്രാർത്ഥിക്കുന്നില്ല.' അതിനു മറുപടിയായി ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞത്; 'അയാളുടെ സ്ഥിതി ഒന്ന് വേറെയാണ്.' എന്നിരുന്നാലും ആ മഹാത്മാവ് ദുആ ചെയ്തു. ആ മഹാത്മാവ് മുഖേനയാണ് അയാൾക്ക് അന്തസ്സും അഭിമാനവും തിരിച്ച് ലഭിച്ചത്.

മുൻശി ഇലാഹി ബക്ശ് എക്കൗണ്ടന്റിന്റെ ഒരു സംഭവമുണ്ട്. ഇയാൾ തുടക്കത്തിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ വലിയ ആരാധകരിൽപെട്ട ഒരാളായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലുകൾ തടവിക്കൊടുക്കുന്നത് വലിയ ഭാഗ്യമായാണ് ഇയാൾ കരുതിയിരുന്നത്. പിന്നീട് ഇയാൾ എതിരാളിയായി മാറി. വളരെ മോശമായ വാക്കുകൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്നെതിരിൽ ഉപയോഗിക്കാൻ തുടങ്ങി. മിർസാസാഹിബിന്റെ ഇൽഹാമുകൾ എല്ലാം കളവാണെന്ന് ഇയാൾ പറയാൻ തുടങ്ങി. മുൻശി സാഹിബ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്നെതിരിലുള്ള ഇൽഹാമുകൾ പ്രസിദ്ധീകരിക്കുവാൻ മടിച്ചിരിക്കുകയായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) തനിക്കെതിരിൽ ഗവൺമെന്റിൽ വല്ലകേസ്സും കൊടുക്കുമോ എന്ന ഭയമാണ് അദ്ദേഹത്തെ ഇൽഹാമുകൾ പ്രസിദ്ധീകരിക്കുന്നതിൽനിന്നും തടഞ്ഞത്. ഇതറിഞ്ഞപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) അദ്ദേഹത്തിന് ഇപ്രകാരം ഉറപ്പ് നൽകി. 'താങ്കൾ ഒട്ടും ഭയപ്പെടേണ്ടകാര്യമില്ല. എനിക്കെതിരിൽ ഏതുതരം ഇൽഹാമുകളും താങ്കൾക്ക് പ്രസിദ്ധീകരിക്കാം. എനിക്കെതിരിൽ എന്തുപറയാൻ ആഗ്രഹിക്കുന്നുവോ അത് പറയുകയും ചെയ്യാം. ഞാൻ ഒരു കാരണവശാലും താങ്കൾക്കെതിരിൽ ഒരുകേസും കൊടുക്കുന്നതല്ല. എനിക്ക് ആകാശത്തുനിന്നുള്ള തീരുമാനം അറിയണമെന്നുള്ള അതിയായ ആഗ്രഹമുണ്ട്. അതായത് എന്റെ ഉദ്ദേശ്യം ജനങ്ങൾക്ക് പ്രയോജനമുള്ള വ്യക്തിയെ അവർ തിരിച്ചറിയുകയും അതുമുഖേന ശരിയായ പാതയിൽ അവർ പാദമുറപ്പിക്കുകയും അല്ലാഹുവിൽനിന്ന് ഇമാമായി വന്നവരെ ജനങ്ങൾ തിരിച്ചറിയപ്പെടുകയും ചെയ്യട്ടെ എന്നാണ്. ആരാണ് യഥാർത്ഥ ഇമാം എന്ന് അല്ലാഹുവിനും അല്ലാഹു ഉൾക്കാഴ്ച നൽകിയവർക്കുമല്ലാതെ മറ്റാർക്കാണ് അറിയുക. അതുകൊണ്ട് മുൻശി സാഹിബ് എനിക്കെതിരിലുള്ള എല്ലാ ഇൽഹാമുകളും പ്രസിദ്ധീകരിക്കുക. മുൻശീ സാഹിബിന്റെ ഇൽഹാമുകൾ അതിന്റേതായ അത്ഭുതം കാണിക്കുന്നതാണ്. ഇത് പ്രസിദ്ധീകരിച്ചതിനുശേഷം എന്നിൽ വലിയ നാശം തീർച്ചയായും സംഭവിക്കുന്നതാണ്. കാരുണ്യമർഹിക്കുന്ന പൊതുജനം ഇനിയെങ്കിലും കള്ളവാദിയിൽനിന്ന് രക്ഷപ്രാപിക്കുന്നതുമാണ്. അതായത് ഞാൻ വാഗ്ദത്ത മസീഹാണെന്ന് വാദിച്ചുകൊണ്ട് അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമച്ചതാണെന്നാണ് മുൻശി സാഹിബിന്റെ വാദം. അങ്ങ നെയാണെങ്കിൽ ഞാൻ നശിച്ചുപോകുമല്ലോ. എന്നാൽ ഇയാളുടെ ദുർധാരണക്ക് വിരുദ്ധമാണ് യാഥാർത്ഥ്യമെങ്കിൽ അതും ഇതുമുഖേന വെളിച്ചത്തുവരുന്നതാണ്. അതാ

യത് അല്ലാഹുവിന്റെ പക്കൽ ഞാൻ തന്നെയാണ് വാഗ്ദത്തമസീഹെങ്കിൽ അല്ലാഹു അതിനുള്ള സാക്ഷ്യ ങ്ങൾ പ്രകടമാക്കുന്നതാണ്. ഞാൻ നിങ്ങൾക്കെതിരിൽ ഒരു കേസ്സും നൽകില്ലെന്നും നിങ്ങളുടെ അഭിമാനത്തെ ക്ഷത മേൽപ്പിക്കുന്ന രീതിയിൽ ഒരു വിധ പ്രവർത്തനവും എന്നിൽ നിന്നും ഉണ്ടാകില്ല എന്നും ഞാൻ വാക്കുതരികയും ചെയ്യുന്നു. അല്ലാഹുവിനോട് ഈ പ്രശ്നം പരിഹരിക്കാനായി ഞാൻ ദുആ ചെയ്യുന്നതാണ്. ഞാൻ ഇപ്രകാരം പ്രാർത്ഥിക്കുന്നതാണ്. *അല്ലാഹുവേ ഞാൻ കള്ളവാദിയല്ലെങ്കിൽ എന്നിൽ ആരോപിച്ചിരിക്കുന്നത് വളരെ മോശമായ ആരോപണങ്ങളാണെങ്കിൽ എന്നെ ഇതിൽ നിന്നെല്ലാം മുക്തമാക്കുകയും ബാബുസാഹിബിന്റെ കള്ളത്തരം വെളിച്ചത്തുകൊണ്ടുവരുന്നതിന്നായി നീ നിന്റെ ദൃഷ്ടാന്തം വെളിപ്പെടുത്തുകയും ചെയ്യേണമേ.* ആരോപണങ്ങളിൽനിന്ന് മുക്തി തേടുന്നത് പ്രവാചകചര്യയാണ്. ഹദ്റത്ത് യൂസുഫ് (അ) ഈ രീതിയിൽ തന്റെ പവിത്രത പ്രകടിപ്പിക്കുന്നതിനുള്ള ആഗ്രഹം പ്രകടിപ്പിച്ചിരുന്നു.

ഈ പ്രാർത്ഥനക്ക് ശേഷം മുൻശീ ഇലാഹി ബക്ശ് എക്കൗണ്ടന്റ് 400 പേജുള്ള 'അസായെ മൂസ' എന്ന ഒരു പുസ്തകമെഴുതി. അതിൽ തന്റെ ഇൽഹാമുകൾ രേഖപ്പെടുത്തുകയുണ്ടായി. ചില ഇൽഹാമുകൾ ഇവയാണ്. അയാൾ പറയുന്നു. എനിക്ക് ഇപ്രകാരം ഇൽഹാം ഉണ്ടായി: 'നിനക്ക് സമാധാനം. നീ വിജയിക്കുക തന്നെ ചെയ്യും. അദ്ദേഹത്തിൽ (ഹദ്റത്ത് മസീഹ് മൗഊദ്(അ) മിൽ) അല്ലാഹുവിന്റെ കോപം ഇറങ്ങുന്നതും അദ്ദേഹം നശിക്കുന്നതുമാണ്.' മറ്റൊരു ഇൽഹാം; 'ആയിരക്കണക്കിനു പേർ ആഗ്രഹിക്കുന്നതുപോലെ മിർസാസാഹിബ് നശിപ്പിക്കപ്പെടുന്നതാണ്.' എഴുതുന്നു; 'പ്ലേഗ് വരും, അദ്ദേഹം അദ്ദേഹത്തിന്റെ ജമാഅത്തോടൊപ്പം അതിൽ അകപ്പെടുന്നതും അല്ലാഹു ഈ അക്രമികളിൽ നാശം ഇറക്കുകയും ചെയ്യുന്നതാണ്.' എഴുതുന്നു; 'എന്നിൽ ഏൽപ്പിച്ചിരിക്കുന്ന ജോലി പൂർത്തിയാകാത്തിടത്തോളം കാലം ഞാൻ ഒരിക്കലും മരിക്കുന്നതല്ല.' ഇതെല്ലാമാണ് അയാളുടെ ഇൽഹാമുകൾ.

ഈ 'അസായെ മൂസ' എന്ന ഗ്രന്ഥം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അയച്ചുകൊടുത്തു. ഇതിന്റെ പരിണിത ഫലം എന്തായി? അയാളുടെ ഇൽഹാമുകൾ ഒന്നും തന്നെ സത്യമായി പുലർന്നില്ല. അയാൾ തന്റെ ഒരു സുഹൃത്തിന്റെ ജനാസയിൽ പങ്കെടുക്കുകയും അവിടെ വെച്ച് അയാൾക്ക് പ്ലേഗ് പിടിപെടുകയും ചെയ്തു. സുഹൃത്ത് പ്ലേഗ് മുഖേനയാണ് മരിച്ചിരുന്നത്. 1907-ൽ പ്ലേഗ് പിടിച്ച് ഇയാൾ മരിച്ചു. പത്രങ്ങൾ ഇപ്രകാരമെഴുതി. 'കഷ്ടം! *അസായെ മൂസ*യുടെ ഗ്രന്ഥകാരനും പ്ലേഗ് മുഖേന ശഹീദാക്കപ്പെട്ടു.' പ്ലേഗ് പതിനൊന്ന് വർഷം വരെ പഞ്ചാബിൽ താണ്ഡവമാടിയെങ്കിലും ഹദ്റത്ത് മസീഹ് മൗഊദ് (അ)ഉം ജമാഅത്തും അദ്ദേഹത്തിന്റെ കുടുംബവും അതിൽ നിന്നും രക്ഷപ്പെടുകയുണ്ടായി. ഇന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ ജമാഅത്ത് അല്ലാഹുവിന്റെ സഹായങ്ങൾ ലഭിച്ചുകൊണ്ട് ലോകം മുഴുവനും വ്യാപിച്ചിരിക്കുന്നു. മാത്രമല്ല കോടിക്കണക്കിന് പേരിൽ ഇത് വ്യാപിച്ചിരിക്കുന്നു. എന്നാൽ ശത്രുക്കളെക്കുറിച്ച് ചോദിക്കാൻ പോലും ആരുമില്ല.

വാഗ്ദത്ത മസീഹിന്റെ പിതൃസഹോദരന്മാരായ മിർസാ ഇമാമുദ്ദീൻ സാഹിബുനും മിർസാ നിസാമുദ്ദീൻ സാഹിബും അദ്ദേഹത്തോടും ഇസ്‌ലാമിനോടുമുള്ള ശത്രുത കാരണം ഹിന്ദുക്കളുമായികൂട്ടുകൂടി അദ്ദേഹത്തെ എതിർത്തിരുന്നു. തിരുനബി(സ) യെ വളരെ നിന്ദ്യമായി ആക്ഷേപിച്ചിരുന്നു. ലേഖ്റാമിനെ വിളിച്ചുകൊണ്ടുവന്ന് രണ്ട്മാസത്തോളം ഖാദിയാനിൽ പാർപ്പിക്കുകയും ചെയ്തു. വാഗ്ദത്ത മസീഹിനെ എതിർക്കുന്നതിൽ ഒരു പഴുതും വിട്ടിരുന്നില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) നെ കാണുന്നതിനുവേണ്ടി ജമാഅത്ത് അംഗ ങ്ങൾ വരുന്നത് അവർ തടയുകയും വഴിയിൽ മതിൽകെട്ടി തടസ്സം സൃഷ്ടിക്കുകയും ചെയ്തു. ഇതുമുഖേന പള്ളിയിലേക്കുള്ള വഴിയും അടഞ്ഞുപോയി. വരുന്നവർ വല്ലാതെ പ്രയാസപ്പെട്ടു. എത്ര പറഞ്ഞിട്ടും അവർ പിൻമാറാത്തതുകാരണം അവർക്കെതിരിൽ ആ മഹാത്മാവ് കേസ്സ് കൊടുത്തു. തന്റെ എതിരാളികൾക്കെതിരിൽ നൽകിയ ഒരേയൊരു കേസ്സ് ഇത് മാത്രമാണ്. ഇത് നൽകാനുള്ള കാരണം ജമാഅത്തിലെ വ്യക്തികൾക്ക് പ്രയാസം നേരിട്ടപ്പോഴാണ്. ഇതിന്നായി വളരെയധികം പ്രാർത്ഥിക്കുകയും ചെയ്തു. അല്ലാഹു അറബി ഭാഷയിൽ അദ്ദേഹത്തിന് ഇൽഹാം മുഖേന അറിയിക്കുകയും ചെയ്തു. അതിന്റെ അർത്ഥം ഇപ്രകാരമാണ്;

*ആട്ടുകല്ല് ചലിക്കുന്നതും അല്ലാഹുവിന്റെ വിധി നടപ്പിൽ വരുന്നതുമാണ്. ഇത് അല്ലാഹുവിന്റെ ഫള്ൽ അണ്. വാഗ്ദാനം ചെയ്യപ്പെട്ടത് വരുന്നത് തന്നെയാണ്. ആർക്കും തന്നെ ഇതിനെ നേരിടാൻ സാധ്യമല്ല.*

ഇതിനെ റദ്ദ് ചെയ്യാൻ ആരാലും സാധ്യമല്ല. എനിക്ക് എന്റെ നാഥനാണെ സത്യം, പറയുക, ഇത് തന്നെയാണ് ശരിയായിട്ടുള്ളത്. ഇതിൽ ഒരു മാറ്റവും വരില്ല. ഇത് മറഞ്ഞിരിക്കുകയുമില്ല. നിന്നെ അത്ഭുതപ്പെടുത്തുന്ന ഒരു കാര്യം വെളിപ്പെടുന്നതാണ്. ഉയർന്ന ആകാശങ്ങളുടെ നാഥനായ അല്ലാഹുവിന്റെ വഹ്‌യ്യാണിത്. തന്റെ വരിഷ്ഠ ദാസർക്ക് നൽകുന്ന ചൊവ്വായമാർഗം ഒരിക്കലും ഉപേക്ഷിക്കില്ല.

'സഹായിക്കാൻ അർഹരായ തന്റെ ദാസരെ അവൻ ഒരിക്കലും മറക്കില്ല. ഈ കേസിൽ നിനക്ക് വ്യക്തമായ വിജയം ലഭിക്കുന്നതാണ്. എന്നാൽ അല്ലാഹു നിശ്ചയിച്ച ആ ദിവസംവരെ ഇത് നടപ്പിൽ വരുന്നതല്ല.' ഈ കേസ്സിൽ എതിരാളികൾ വിജയിക്കും എന്ന പൂർണ്ണ പ്രതീക്ഷയിലായിരുന്നു. എന്നാൽ അവസാനനിമിഷം റിക്കാർഡുകളിൽ നിന്നും ഒരു രേഖ കിട്ടുകയും അങ്ങനെ ഈ കേസ്സിൽ വാഗ്ദത്ത മസീഹ് വിജയിക്കുകയും ചെയ്തു. തുടർന്ന് ആ മതിൽ വീഴ്ത്തപ്പെട്ടു. വിധി പറഞ്ഞപ്പോൾ ജഡ്ജി സാഹിബ് ഹദ്റത്ത് മസീഹ് മൗഊദ്(അ) ആഗ്രഹിക്കുകയാണെങ്കിൽ ഇവർക്കെതിരിൽ കേസ്സ് നൽകാമെന്നും അങ്ങനെ നഷ്ടപരിഹാരം ആവശ്യപ്പെടാനും

അപേക്ഷിക്കുകയുണ്ടായി. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇവർക്കെതിരിൽ പിന്നെ കേസ്സൊന്നും കൊടുത്തില്ല. എന്നാൽ അദ്ദേഹത്തിന്റെ വക്കീൽ കേസ്സുകൊടുത്തു. കോടതിയിൽനിന്നും നോട്ടീസ് വന്നപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഖാദിയാന് പുറത്തായിരുന്നു. നോട്ടീസ് ലഭിക്കുമ്പോൾ മിർസാ ഇമാമുദ്ദീൻ മരിച്ചു പോയിരുന്നു. മിർസാ നിസാമുദ്ദീൻ അദ്ദേഹത്തിന്റെ അടുത്ത് വന്നു. ഈ സന്ദർഭത്തിൽ മിർസാ നിസാമുദ്ദീന്റെ അവസ്ഥ വളരെ മോശമായിരുന്നു. ഇൽഹാമിൽ പറയപ്പെട്ടതുപോലെ അവരുടെ എല്ലാ പ്രതാപവും അസ്തമിച്ചു കഴിഞ്ഞിരുന്നു. 143രൂപ നൽകണമെന്ന നോട്ടിസാണ് വന്നത്. അത് നൽകാൻ അവരുടെ കൈവശം ഒന്നും ഉണ്ടായിരുന്നില്ല. അങ്ങനെ അവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അടുത്ത് വന്ന് അപേക്ഷിച്ചു, 'ഞങ്ങൾ നിങ്ങളുടെ കുടുംബങ്ങൾ തന്നെയല്ലെ. അതുകൊണ്ട് അൽപ്പമെങ്കിലും കരുണ കാണിച്ചാലും.' അപ്പോൾ അദ്ദേഹം പറഞ്ഞു, 'ഞാൻ കേസ്സൊന്നും കൊടുത്തിട്ടില്ലല്ലോ? മാത്രമല്ല എനിക്ക് അതിന്റെ ആവശ്യമില്ലെന്നും പറഞ്ഞതാണല്ലൊ' എന്നിട്ട് ഇപ്രകാരമെഴുതിക്കൊടുത്തു. 'ഇക്കൂട്ടർ എന്നെ അപമാനിക്കാൻ ഇറങ്ങിപ്പുറപ്പെട്ടവരാണെങ്കിലും എന്റെ കേസ്സിൽ തീരുമാനമായിരിക്കയാൽ എന്റെ ഉദ്ദേശ്യം സാധിച്ചിരിക്കുന്നു. ഞങ്ങൾക്ക് ആവശ്യമായ സ്ഥലം കരഗതമായിരിക്കുന്നു. അതു കൊണ്ട് ഇവരോട് ഇനി ഒരുവിധ പ്രതികാരനടപടിയും എടുക്കേണ്ടതില്ല.' അവരുടെ പ്രവർത്തനത്തിനുള്ള മറുപടി ഈ രീതിയിലാണ് ആ മഹാത്മാവ് നൽകിയത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു,

'കഷ്ടം! എന്റെ എതിരാളികൾക്ക് ഇത്രമാത്രം പരാജയം നേരിട്ടിട്ടും എന്നെക്കുറിച്ച്, ഈ വ്യക്തിയുടെ പിന്നിൽ ഇവരുടെ എല്ലാ ആക്രമണങ്ങളെയും മറഞ്ഞിരുന്നുകൊണ്ട് തടഞ്ഞുകൊണ്ടിരിക്കുന്ന ഒരു കൈ പ്രവർത്തിക്കുന്നുണ്ടെന്ന ചിന്തതന്നെ വന്നിട്ടില്ല. നിർഭാഗ്യം ഇവരോടൊപ്പം ഇല്ലായിരുന്നുവെങ്കിൽ ഇവരുടെ ഓരോ അക്രമത്തിലും അല്ലാഹു അവരിൽനിന്നും എന്നെ രക്ഷിക്കുകയും രക്ഷിക്കുന്നതുമുമ്പേതന്നെ എന്നെ സംരക്ഷിക്കുമെന്ന് എനിക്ക് അറിവ് ലഭിക്കുകയും ചെയ്തത് ഒരു മുഅ്ജിസത്തല്ലേ!'

അവരുടെ കണക്കിൽ കള്ളവാദിയും കറ്റുകെട്ടുകാരനും ദജ്ജാലും എല്ലാം ഞാനാണ്. എന്നാൽ മുബാഹലയുടെ സമയത്ത് ഇവരാണ് മരിച്ചൊടുങ്ങുന്നത് എന്നതിന്റെ രഹസ്യം എന്താണെന്ന് ആർക്കെങ്കിലും അറിയുമോ? എന്താ അല്ലാഹുവിന്ന് വല്ല തെറ്റും പറ്റിയോ? **نَعُوْذُبِاللهِ** ഇങ്ങിനെയുള്ളവരിൽ എന്തുകൊണ്ട് ദൈവകോപം ഇറക്കുന്നു. മരണവും അവർക്ക് തന്നെ, അപമാനവും അവർക്ക് തന്നെ. മൗലവിമാരിൽനിന്ന് പല തടസ്സങ്ങളുമുണ്ടായി. ജനങ്ങൾ ഇതിലേക്ക് വരാതിരിക്കാൻ കഴിവതും അവർ പരിശ്രമിച്ചുനോക്കുകയും ചെയ്തു. മക്കയിൽ നിന്നുപോലും ഫത്‌വകൾ വരുത്തിച്ചു. 200 ഓളം മൗലവിമാർ എനിക്കെതിരിൽ കുഫ്റ് ഫത്‌വ പുറപ്പെടുവിച്ചു. വധാർഹനാണെന്നുപോലും ഫത്‌വ ഇറക്കി. എന്നാൽ എല്ലാ പ്രയത്നത്തിലും അവർ പരാജയപ്പെടുകയാണുണ്ടായത്. ഇത് മനുഷ്യന്റെ പ്രവർത്തനങ്ങളായിരുന്നെങ്കിൽ ഇതിനെ എതിർക്കേണ്ട ഒരു കാര്യവും നിങ്ങൾക്കുണ്ടായിരുന്നില്ല. എന്നെ നശിപ്പിക്കാൻ ഇത്രമാത്രം പാടുപെടേണ്ടതുണ്ടോ? എന്നെ നശിപ്പിക്കാൻ അല്ലാഹു മതിയായവനായിരുന്നില്ലെ?

അല്ലാഹുവിന്റെ നബിമാർക്കുള്ളതുപോലെ ആ മഹാത്മാവിനും അല്ലാഹുവിന്റെ അസ്തിത്വത്തിൽ പരിപൂർണ്ണ വിശ്വാസമായിരുന്നു. അല്ലാഹു എന്നെ ഈ കാര്യത്തിൽ സഹായിക്കില്ല എന്ന ഒരു സന്ദേഹം പോലും ഒരിക്കലും അദ്ദേഹത്തിന് ഉണ്ടായിരുന്നില്ല. ദുആ ചെയ്യാറുണ്ടായിരുന്നു. അത് അനിവാര്യമാണ്. ഒരു സ്ഥലത്ത് ആ മഹാത്മാവ് എഴുതുന്നു, 'ഒരു അറബി ഇപ്രകാരം കത്തയച്ചു, എനിക്ക് ആയിരം രൂപ നൽകി താങ്കളുടെ പ്രതിനിധിയായി അറബ് നാടുകളിൽ എന്നെ നിയമിക്കുകയാണെങ്കിൽ താങ്കളുടെ പ്രസ്ഥാനത്തെ ഞാൻ ഇവിടെ പ്രചരിപ്പിക്കുന്നതാണ്.'

ഈ കത്ത് കിട്ടിയപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു, അദ്ദേഹത്തിന് ഇപ്രകാരം എഴുതുക, നമുക്ക് ഒരു പ്രതിനിധിയുടേയും ആവശ്യമില്ല. എന്റെ കാര്യനിർവ്വാഹകൻ ഒന്നുമാത്രമാണ്. 22 വർഷമായി ആ അസ്തിത്വം എന്റെ സന്ദേശം പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നു. അവൻ ഉണ്ടായിരിക്കെ മറ്റുള്ളവരുടെ ആവശ്യമെന്ത്? അവൻ എന്നോട് പറഞ്ഞിട്ടുണ്ട്, **أَلَيْسَ اللَّهُ بِكَافٍ عَبْدَهُ**

പറയുന്നു, 'നമ്മുടെ ചില സുഹൃത്തുക്കൾ ദീനി സ്നേഹത്താൽ പ്രേമികളെ പോലെയാണ്. മാനുഷികമായ വൈകല്യം കാരണം അവർ എന്നോട് ഇപ്രകാരം പരാതിപ്പെടുകയുണ്ടായി. ജനങ്ങൾ സഹകരണത്തിൽനിന്നും മുഖം തിരിക്കുന്നതുകൊണ്ട് പ്രസിദ്ധീകരണത്തിന്നായി ആയിരക്കണക്കിന് രൂപ ചിലവാകുന്ന ഇത്രയും വലിയ പുസ്തകങ്ങൾ ഇപ്പോൾ പ്രസിദ്ധീകരിക്കുന്നത് അനവസരത്തിലായിപ്പോയി എന്ന്. അവരോട് വിനീതമായി എനിക്ക് പറയാനുള്ളത് നൂറുകണക്കിനുള്ള ആത്മീയജ്ഞാനങ്ങൾ നാം എഴുതിയിട്ടില്ലായിരുന്നെങ്കിൽ -ഇത് കാരണമാണ് പുസ്തകത്തിന്റെ വലിപ്പം കൂടിയത്- ഈ പുസ്തകത്തിന്റെ പ്രസിദ്ധീകരണം തന്നെ അനാവശ്യമാകുമായിരുന്നു. എന്നാൽ ഇത്രയും പണം എവിടെനിന്ന് കിട്ടും എന്നാണെങ്കിൽ ഇതും പറഞ്ഞ് എന്റെ സുഹൃത്തുക്കൾ എന്നെ ഭയപ്പെടുത്താൻ നോക്കേണ്ട. നിങ്ങൾ ഉറച്ച് വിശ്വസിച്ചാലും. ഒരു ലുബ്ധനും പിശുക്കനുമായ വ്യക്തിക്ക് തന്റെ അടച്ചുപൂട്ടിവെച്ച പണപ്പെട്ടിയിലുണ്ടാകുന്ന പണത്തേക്കാളും-അതിന്റെ താക്കോൽ എപ്പോഴും ഇവരുടെ കയ്യിലായിരിക്കും- കൂടുതൽ പ്രതീക്ഷ നമുക്ക് നമ്മുടെ സർവ്വശക്തനായ അല്ലാഹുവിലാണുള്ളത്. ആ ഏകനായ അല്ലാഹു തന്റെ മതത്തേയും ഏകത്വത്തേയും തന്റെ ദാസനെയും സ്വയം സഹായിക്കുന്നതാണ്.

**اَلَمْ تَعْلَمْ اَنَّ اللّٰهَ عَلٰى كُلِّ شَيْءٍ قَدِيْر**

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവിതത്തിലുണ്ടായ ചില സംഭവങ്ങളാണ് ഞാൻ ഇപ്പോൾ കേൾപ്പിച്ചത്. ഇതുകൂടാതെ മറ്റുപല സംഭവങ്ങളും നമുക്ക് ജമാഅത്തിന്റെ ചിരിത്രത്തിലും ആ മഹാത്മാവിന്റെ ചിരിത്രത്തിലും കാണാൻ സാധിക്കുന്നതാണ്. ആ മഹാത്മാവിന്റെ വഫാത്തിനുശേഷം ജമാഅത്തിന്നെതിരിൽ എപ്പോഴെല്ലാം ഫിത്ന ഉണ്ടായിട്ടുണ്ടോ അപ്പോഴെല്ലാം ജമാഅത്തിനെ അല്ലാഹു സഹായിച്ചിട്ടുണ്ട്. അതിന്റെ ദൂഷ്യഫലങ്ങളിൽ നിന്നും ജമാഅത്തിനെ രക്ഷിക്കുകയും ചെയ്തു. ഹദ്റത്ത് മസീഹ് മൗഊദ്(അ)നാൽ സ്ഥാപിതമായ ഈ പ്രസ്ഥാനം ലോകത്ത് എല്ലായിടത്തും വിജയിച്ചുമുന്നേറിക്കൊണ്ടിരിക്കുകയാണ്. എതിർപ്പുകളുണ്ടായിട്ടും ചില രാഷ്ട്രങ്ങളിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് തടസ്സങ്ങൾ ഉണ്ടായിട്ടുകൂടി മുന്നേറിക്കൊണ്ടിരിക്കുകയാണ്. വളരെ കുറഞ്ഞ സൗകര്യങ്ങളാണ് നമുക്കുള്ളതെങ്കിൽ കൂടി ഇന്നുള്ള ഭൗതികർ നമ്മുടെ സൗകര്യങ്ങൾ കണ്ടാൽ ഇതുകൊണ്ട് എന്ത് ചെയ്യാൻ സാധിക്കും എന്ന് അന്തം വിട്ട് നിൽക്കുന്ന തരത്തിൽ നാം വളർന്ന് മുന്നേറുകയാണ്. ഭൗതികരെ സംബന്ധിച്ചെടുത്തോളം അവർക്ക് ഏതൊരു പ്രവൃത്തിചെയ്യുന്നതിനും ആദ്യം എല്ലാ സൗകര്യങ്ങളും അനിവാര്യമാണ്. ജമാഅത്തിന്റെ മൊത്തത്തിലുള്ള ബജറ്റ് തന്നെ നോക്കുകയാണെങ്കിൽ അത് ചില നാടുകളിലെ ഒരു സമ്പന്നന്റെ വാർഷിക വരുമാനത്തേക്കാളും കുറവായിരിക്കും. എന്നാൽ അല്ലാഹു ജമാഅത്തിന് നൽകിയിരിക്കുന്ന ഈ ചെറിയ സൗകര്യങ്ങളിൽതന്നെ വളരെയധികം അനുഗ്രഹങ്ങൾ ചൊരിഞ്ഞുകൊണ്ട് ഇതിനെ വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ലോകർക്ക് ഇത് വളരെ കൂടുതലായി തോന്നിക്കുകയാണ്. ഭൗതികരായ ആരോടെങ്കിലും സംസാരിക്കുകയാണെങ്കിൽ അവർ പറയാറുള്ളത് ജമാഅത്തിന്റെ സാമ്പത്തിക രംഗം വളരെ ദൃഢമാണെന്നാണ്. ഇവരുടെ കൈയ്യിൽ പണവും സമ്പത്തും ഇഷ്ടം പോലെ ഉണ്ടെന്നും അവർ ധരിച്ചുവെച്ചിരിക്കുകയാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ നമ്മുടെ സാമ്പത്തികരംഗം സുദൃഢം തന്നെയാണ്. കാരണം ശരിയായ പണം ഉചിതമായ സ്ഥലത്ത് വിനിയോഗിക്കപ്പെടുന്നുണ്ട്. ഞാൻ കഴിഞ്ഞ സന്ദർശനത്തിൽ ബെനിനിലെ പ്രസിഡന്റുമായി കൂടിക്കാഴ്ച നടത്തിയപ്പോൾ അദ്ദേഹം എന്നോട് ആദ്യത്തെ ചോദ്യം ചോദിച്ചത് എത്ര മില്ല്യൻ ഡോളറാണ് ജമാഅത്ത് ഇവിടെ നിക്ഷേപിക്കാൻ ഉദ്ദേശിക്കുന്നത് എന്നാണ്. കാരണം അവർ നിക്ഷേപകരെ ആകർഷിക്കുവാനുള്ള പദ്ധതി ഇട്ടുകൊണ്ടിരിക്കുകയായിരുന്നു. ഈ ഒരു ചിന്ത വെച്ചുകൊണ്ടാണ് അദ്ദേഹം ചോദിച്ചത്. യഥാർത്ഥത്തിൽ അല്ലാഹുവിന്റെ സഹായഹസ്തമാണ് നമ്മോടൊപ്പമുള്ളത്. ഓരോ പ്രവർത്തനത്തിലും പരിശ്രമത്തിലും അവനാണ് നമുക്ക് മതിയായിത്തീരുന്നത്. ഇസ്ലാമിലെ ജീവനുള്ള ദൈവത്തിന്റെ അടയാളങ്ങളാണിവ. ജമാഅത്തിലെ ഓരോ വ്യക്തിയും ഇത് കണ്ടുകൊണ്ടിരിക്കുന്നു. തന്റെ ദാസരെ ലോകത്ത് ദീനിന്റെ പ്രചാരണത്തിനായി അയക്കുമ്പോൾ അവർക്ക് എല്ലാവിധ ആശ്വാസവചനങ്ങളും നൽകുകയും ഓരോ പ്രശ്നമുണ്ടാകുമ്പോഴും **أَلَيْسَ اللَّهُ بِكَافٍ عَبْدَهُ** എന്ന് പറഞ്ഞുകൊണ്ട് അവർക്ക് സാന്ത്വനം നൽകുന്നതും എല്ലാം ആകാശഭൂമികളുടെ അധിപനായ അല്ലാഹുവാണ്. എവിടെ നിങ്ങൾക്ക് പ്രയാസം നേരിട്ടാലും ഞാൻ നിങ്ങൾക്ക് മതിയായവനായിത്തീരുന്നതാണ്. അല്ലാഹുവിന്റെ പ്രിയരെ പരിഹസിക്കാൻ ഉദ്ദേശിക്കുന്ന ശത്രുക്കളെ കുറിച്ച് തന്റെ പ്രിയരോട് അവൻ പറയുന്നത **إِنَّا كَفَيْنَاكَ الْمُسْتَهْزِئِينَ** എന്നാണ്. അല്ലാഹു ഇതും കൂടി പ്രഖ്യാപിക്കുന്നു;

**وَ اللّٰهُ اَعْلَمُ بِاَعْدَاءِكُمْ وَ كَفٰى بِاللّٰهِ وَلِيًّا وَ كَفٰى بِاللّٰهِ نَصِيْرًا**

അല്ലാഹു നിങ്ങളുടെ ശത്രുക്കളെ ശരിക്കും അറിയുന്നവനാണ്. സുഹൃത്ത് എന്ന നിലയിലും അല്ലാഹു മതിയായവനാണ്. സഹായി എന്ന നിലയിലും അല്ലാഹു മതിയായവനാണ്. ജീവനുള്ള ദൈവത്തിന്റെ ശക്തിപ്രഭാവങ്ങളാണിവ. ഓരോ നിമിഷവും നമുക്ക് ഈ ശക്തിപ്രഭാവങ്ങൾ ദൃശ്യമായിക്കൊണ്ടിരിക്കുന്നു. നമുക്ക് നമ്മുടെ ഉത്തരവാദിത്വങ്ങൾ ശരിക്കും നിർവ്വഹിക്കുവാനുള്ള തൗഫീഖ് അല്ലാഹു നൽകുമാറാകട്ടെ. അങ്ങിനെ എപ്പോഴും അവന്റെ സഹായങ്ങൾ ദൃശ്യമാകുന്നവരായി നാം മാറട്ടെ.

കഴിഞ്ഞ ഖുത്ബയിൽ ബഹാവുള്ളയെ കുറിച്ച് ഞാൻ പറഞ്ഞിരുന്നത് അദ്ദേഹം നുബുവ്വത്ത് വാദവുമായി വന്നു എന്നായിരുന്നു. യഥാർത്ഥത്തിൽ ഞാൻ പറയാൻ ഉദ്ദേശിച്ചത് അയാൾ ഒരു വാദവുമായി വന്നു. ഇനി അദ്ദേഹത്തിന്റെ വാദം നുബുവ്വത്തിന്റെ വാദമായി പരിഗണിച്ചാൽ തന്നെയും അദ്ദേഹത്തോടൊപ്പം ദൈവിക സാഹായങ്ങൾ ഒരിക്കലും ഉണ്ടായിരുന്നില്ല. ബഹായികളുടെ സാഹിത്യങ്ങളിൽ അദ്ദേഹം നബിയാണെന്ന വാദം പറയുന്നില്ല എന്നത് ശരിയല്ല. അവരിലുള്ള ചിലർ അദ്ദേഹം നബിയാണെന്നും, വലിയാണെന്നും, ഖുതുബാണെന്നും എല്ലാം പറയുന്നവരുണ്ട്. ബഹാവുള്ളയുടെ സ്വന്തം ശരീഅത്ത്പുസ്തകത്തിൽ-അതിവർ പരസ്യപ്പെടുത്താറില്ല. അതിൽ അദ്ദേഹം ദൈവമാണെന്നാണ് വാദിച്ചിരിക്കുന്നത്. നുബുവ്വത്തിന്റെ വാദം തന്നെ അദ്ദേഹത്തിനുണ്ടായിരുന്നില്ല. ഇനി നുബുവ്വത്തിന്റെ വാദമായി അംഗികരിച്ചാൽ തന്നെയും അദ്ദേഹത്തിന് ദൈവികസഹായം ലഭിച്ചിട്ടില്ല എന്നാണ് പറയാൻ ഉദ്ദേശിച്ചത്. ഇക്കാലത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ബഹാവുള്ളയുമായി ചിലർ ബന്ധപ്പെടുത്തി പറയാറുണ്ട്. എന്നിട്ട് ഇവർ രണ്ടു പേരും കള്ളവാദികളാണെന്ന് പറയും. ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടോപ്പം അല്ലാഹുവിന്റെ സഹായങ്ങളുണ്ട്. എന്നാൽ ബഹായികളുടെ കുടെ അങ്ങിനെയുള്ള ദൈവിക സഹായങ്ങൾ നമുക്ക് ദർശിക്കാൻ സാധ്യമല്ല. *അഖ്ദസ്* എന്ന പേരിൽ അദ്ദേഹം ഉണ്ടാക്കിയ ശരീഅത്ത് നാം പരിശോദിക്കുകയാണെങ്കിൽ അതിൽ ദൈവവാദം കാണാൻ സാധിക്കുന്നതാണ്. അതിനാൽ നുബുവ്വത്തിന്റെ വാദമല്ല അദ്ദേഹം ഉന്നയിച്ചത്. ആഫ്രിക്കയിലും പാകിസ്ഥാനിലുമുള്ളവരിൽ ചിലർ അവരുടെ സ്വാധീനത്തിൽ വന്നുപോകാറുള്ളതുകൊണ്ട് ഇതുസംബന്ധമായി അൽപ്പം വിശദീകരിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ബഹാഉള്ളയുടെ വാദം ദൈവമാണെന്നാണ്. തന്റെ പ്രതിനിധിയായി നിയമിച്ച മകനേയും ദൈവമായിത്തന്നെയാണ് കരുതിയിരുന്നത്. മറ്റുമക്കൾ അത് അംഗീകരിച്ചിരുന്നില്ലെങ്കിൽ തന്നെയും. അറിവില്ലാത്തവരേയും അതല്ലെങ്കിൽ പ്രശ്നങ്ങളെ നേരിടാൻ തയ്യാറാകാത്തവരുമായവരെ വലയിൽ കുടുക്കാൻ ഇവർ ശ്രമിക്കാറുണ്ട്. ദൈവികവാദം ആദ്യം ഇവർ സമർപ്പിക്കാറില്ല. ഇതിൽ അംഗമായവരിൽ ബഹാഉള്ള എന്ന ദൈവം ഇറക്കിയ ശരീഅത്ത് അവരിൽ നടപ്പിൽ വരുത്താൻ ശ്രമിക്കുന്നു. ബഹാഉള്ള മനുഷ്യനും അതോടൊപ്പം ദൈവവുമാണ്. ശരീഅത്ത് ഇറക്കുന്നവനും സ്വീകരിക്കുന്നവനും എല്ലാം ഒരാൾ. ഇദ്ദേഹത്തിന്റെ മകനായ മൗലാനാ അബുൽ അത്താ സാഹിബ്, ഫലസ്തീനിൽ അഞ്ചുനേര നമസ്കാരത്തിന് പള്ളിയിൽ വരാറുണ്ടായിരുന്നു. ബഹായികളുടെ കാഴ്ചപ്പാടനുസരിച്ച് ജമാഅത്തായി നമസ്കരിക്കേണ്ട ആവശ്യമില്ല. അതും അഞ്ച്നേര നമസ്കാരത്തിനുപകരം മൂന്ന് നേരനമസ്കാരം മതിയാകുന്നതാണ്. കൃസ്ത്യാനികളെ തൃപ്തിപ്പെടുത്തുന്നതിന് അവർ പറയാറുള്ളത് ഈസാ (അ) അല്ലാഹുവിന്റെ പ്രഭയാണ്, അതുകൊണ്ട് അദ്ദേഹം ദൈവത്തിന്റെ പുത്രനാണ്. ബഹാവുള്ളയും അല്ലാഹുവിന്റെ പ്രഭയാണ്. അല്ലാഹുവിന്റെ ഖുദ്റത്ത് തന്നെയാണ്. അല്ലാഹു ശാരീരികരൂപത്തിൽ ഇവിടെ പ്രത്യക്ഷപ്പെടുകയാണ് ചെയ്തത് എന്നും അവർ പറയുന്നു.

ബഹാവുള്ള പറയുന്നു; ഞാൻ ജയിലിലാണ്. ഞാൻ ആകാശത്തിന്റെ ഉടമസ്ഥനുമാണ്. ഞാനല്ലാതെ മറ്റൊരു ദൈവവുമില്ല. (ദൈവം ജയിലിൽ ബന്ധനസ്ഥനാണ്)

വീണ്ടും പറയുന്നു; ഏകനായ ജയിലിൽ കഴിയുന്ന ഞാനല്ലാതെ മറ്റൊരു ദൈവവുമില്ല. മരണശേഷവും ഞാൻ സഹായിച്ചുകൊണ്ടിരിക്കുന്നതാണ്.

ജയിലിൽ കഴിയുന്ന ഒരു ശക്തിയുമില്ലാത്ത മരിക്കുകയും ചെയ്യുന്ന ദൈവം ഇതെന്തൊരു ദൈവമാണ്. സ്വയം ജയിലിൽനിന്ന് മുക്തനാകാൻ കഴിയാത്ത ദൈവം മറ്റുള്ളവരെ എന്ത് സഹായിക്കാനാണ്. മറ്റുള്ളവർക്ക് എങ്ങിനെ മതിയായവനായിത്തീരാനാണ്. അബ്ദുൾ ബഹായോട് ബഹായികളുടെ അംഗസംഖ്യയെകുറിച്ച് ചോദിച്ചപ്പോൾ അദ്ദേഹം നൽകിയ മറുപടി; മസീഹി ബഹാഇകളും യഹൂദീ ബഹാഇകളും മുസ്ലിം ബഹാഇകളും ഫ്രീമേഷൻ ബഹാഇകളും എല്ലാം ഉണ്ടാകും. ഏതുമതത്തിൽ പ്രവേശിച്ചിട്ടും നമുക്ക് ബഹായി മതം പ്രചരിപ്പിക്കാവുന്നതാണ്. ഓരോ മതത്തിന്റെയും അദ്ധ്യാപനമനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് ആദ്യം അവരെ ബഹായികളാക്കി മാറ്റുക. അവർ ഇതിൽ ശരിക്കും പ്രവേശിച്ചു എന്നറിഞ്ഞാൽ പിന്നെ ബഹാഉള്ളായുടെ ദൈവികത്വവും മറ്റും സമർപ്പിക്കുക. അല്ലാഹു പ്രവാചകന്മാരെ ലോകത്തേക്കയക്കുമ്പോൾ എന്റെ സന്ദേശം ജനങ്ങളെ കേൾപ്പിക്കുക എന്നു പറഞ്ഞാണ് അയക്കാറുള്ളത്. തിരുനബി(സ)യെ അയച്ചുകൊണ്ട് അല്ലാഹു പറഞ്ഞത് ലോകം മുഴുവനും ഈ സന്ദേശം എത്തിക്കുക എന്നാണ്. അതുപോലെ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അയച്ചുകൊണ്ടും ലോകം മുഴുവനും സന്ദേശം എത്തിക്കാനാണ് പറഞ്ഞിരിക്കുന്നത്. എന്നാൽ ഇവിടെ പറയുന്നത് ഈ സന്ദേശം എത്തിക്കരുത് എന്നാണ്. ബഹാഉള്ള ചില രാഷ്ട്രങ്ങളിൽ സന്ദേശം എത്തിക്കുന്നത് ഹറാമാണെന്ന് പറഞ്ഞിരിക്കുന്നു. ആദ്യം കുറേക്കാലം മിണ്ടാതിരിക്കുക. ചോദ്യം ചോദിക്കുകയാണെങ്കിൽ ഒന്നും അറിയാത്തതുപോലെ നടിക്കുക. ഫലസ്തീനിലും മറ്റും വളരെ നിശബ്ദമായ രീതിയിലാണ് ഇവർ പ്രവർത്തിക്കുന്നത്. അതേപോലെ ഒരോ വ്യക്തിയുടെയും അഭിരുചിക്കനുസരിച്ച് ഇവർ തബ്ലീഗ് ചെയ്യുന്നതാണ്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) ഇവിടെ വന്നപ്പോഴുള്ള ഒരു സംഭവം എഴുതുകയുണ്ടായി. ഒരു ഇംഗ്ലീഷുകാരി ഇറാനിലെ തന്റെ കൂട്ടുകാരിയുമായി ഇവിടെ വന്നു. അവർ ബഹായി ആയിരുന്നു. ഖലീഫത്തുൽ മസീഹ് സാനി(റ) അവരോട് ചോദിച്ചു, വിശുദ്ധഖുർആൻ പൂർണ്ണശരീഅത്തുമായാണ് വന്നിട്ടുള്ളത്. എന്നാൽ പുതിയ ഏതുകാര്യമാണ് ബഹാഉള്ള നിങ്ങൾക്ക് പറഞ്ഞുതന്നിരിക്കുന്നത്? അവർ പറഞ്ഞു, ശരീഅത്ത് പൂർണ്ണമല്ല, കാരണം നാല് വിവാഹം കഴിക്കുക എന്നത് ഒരിക്കലും ശരിയല്ല. ഇവിടെ പാശ്ചാത്യനാടുകളിൽ ബഹുഭാര്യാത്വം ഏറ്റവും കൂടുതൽ വിമർശനവിധേയമാകാറുണ്ട്. അതുകൊണ്ട് ബഹാഉള്ള പറഞ്ഞത് ഒരു വിവാഹം മാത്രം കഴിക്കുക എന്നതാണ്. ഞാൻ പറഞ്ഞു, ശരി എന്നാൽ ബഹാഉള്ള രണ്ട് കല്ല്യാണം കഴിച്ചിട്ടുണ്ടല്ലോ? ചിലർ പറയുന്നു മൂന്ന് കല്ല്യാണം കഴിച്ചിട്ടുണ്ടെന്ന്. അവർ പറഞ്ഞു, അത് തന്റെ വാദത്തിനു മുമ്പായിരുന്നു. ഖലീഫത്തുൽ മസീഹ് സാനി പറഞ്ഞു, ഇതെന്തൊരു ദൈവമാണ്. താൻ ഉണ്ടാക്കാൻ പോകുന്ന ശരീഅത്ത്  എന്താണെന്നു പോലും അറിയാത്ത ദൈവമാണോ? ബഹാഉള്ള ഒന്നിൽ കൂടുതൽ വിവാഹം കഴിച്ചു എന്നതിരിക്കട്ടെ, അദ്ദേഹത്തിന്റെ മകനെകൊണ്ട് രണ്ട് വിവാഹം കഴിപ്പിച്ചതെന്തിന്? ഇതു കേട്ടപ്പോൾ അവർ തന്റെ ഇറാനി കൂട്ടുകാരിയോട് ചോദിച്ചു, ഇത് ശരിയാണോ? അപ്പോൾ അവൾ പറഞ്ഞു, അതെ. അപ്പോൾ ഞാൻ ചോദിച്ചു, ഇത് എന്തിനാണ് അദ്ദേഹം ചെയ്യിപ്പിച്ചത്? അപ്പോൾ ഇറാനി കൂട്ടുകാരി ഉടനെ മറുപടി പറഞ്ഞു, രണ്ടാമത്തെ ഭാര്യയെ അദ്ദേഹം തന്റെ സഹോദരിയായി പ്രഖ്യാപിച്ചിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) ചോദിച്ചു, സഹോദരിയായി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിൽ അവളിൽ നിന്ന് കുട്ടികൾ എങ്ങിനെയാണ് ഉണ്ടായത്? സഹോദരിയിൽനിന്ന് കുട്ടികൾ ജനിക്കാറുണ്ടോ? ഈ ചോദ്യം കേട്ടപ്പോൾ അവൾ നാണിച്ചു തലതാഴ്ത്തി. സദസ്സിലുള്ളവരെല്ലാം അവരെ നോക്കുന്നുണ്ടായിരുന്നു. അതു കൊണ്ട് ഇവർ വളരെ നിശബ്ദമായ രീതിയിലാണ് തബ്ലീഗ് ചെയ്യാറുള്ളത്. ഇവരെ കരുതിയിരിക്കുക. തന്റെ ശരീഅത്ത് ഗ്രന്ഥത്തെക്കുറിച്ച് ഇത് പരസ്യപ്പെടുത്തരുതെന്നാണ് അദ്ദേഹം നിർദ്ദേശിച്ചിരിക്കുന്നത്. അല്ലാഹു പ്രവാചകന്മാരെക്കുറിച്ച് പറയുന്നു, അവർ കറ്റുകെട്ടിപ്പറയുകയാണെങ്കിൽ അവരെ ഈ ലോകത്ത് വെച്ച് നശിപ്പിക്കുന്നതാണ്. എന്നാൽ ദൈവമാണെന്ന്

വാദിക്കുന്നവരെ ഈ ലോകത്ത് വെച്ച് ശിക്ഷിക്കുമെന്ന് എവിടെയും പറഞ്ഞിട്ടില്ല. വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു,

وَمَنْ يَّقُلْ مِنْهُمْ اِنِّيْٓ اِلٰهٌ مِّنْ دُوْنِهٖ فَذٰلِكَ نَجْزِيْهِ جَهَنَّمَ ۭ كَذٰلِكَ نَجْزِي الظّٰلِمِيْنَ

അല്ലാഹുവിനുപുറമെ ഞാൻ ഒരു ദൈവമാണെന്ന് അവരിൽ ആരെങ്കിലും പറയുന്നതായാൽ അവന് നരകമാണ് നാം പ്രതിഫലം നൽകുക. അക്രമികൾക്ക് ഇതേ പ്രകാരം നാം പ്രതിഫലം നൽകുന്നു.(21:30)

ഇവർക്കുള്ള ശിക്ഷ മരണശേഷം നൽകും എന്നാണ് അല്ലാഹു പറഞ്ഞിരിക്കുന്നത്. അല്ലാഹു സത്യപ്രവാചകന്മാരെ സഹായിക്കുകയും അവർക്കായി സഹായങ്ങൾ പ്രത്യക്ഷപ്പെടുത്തുകയും ചെയ്യുമ്പോൾ കള്ളവാദികളെ പിടികൂടുകയും അവരെ ശിക്ഷിക്കുകയും ചെയ്യുന്നു. ഈ ലോകത്ത് വെച്ചുതന്നെ വചനങ്ങൾ ഉണ്ടാക്കിപ്പറയുന്നവരെ നിന്ദ്യരാക്കുകയും ചെയ്യുന്നു. എന്നാൽ ദൈവമാണെന്ന് പറയുന്നവരെക്കുറിച്ച് മരണശേഷമായിരിക്കും ശിക്ഷ നൽകുക എന്ന് പറയുന്നു. അല്ലാഹു നമുക്ക് യഥാർത്ഥ തൗഹീദ് വാദികളായിത്തീരാനും അല്ലാഹു അയച്ച വ്യക്തിയെ പൂർണ്ണമായും പിൻപറ്റുവാനും അനുസരിക്കുവാനുമുള്ള തൗഫീഖ് നൽകി അനുഗ്രഹിക്കുമാറാകട്ടെ. അങ്ങിനെ അല്ലാഹു എപ്പോഴും തന്റെ കാരുണ്യത്തിന്റെ പുതപ്പിൽ നാമേവരേയും മൂടിവെക്കുകയും ചെയ്യട്ടെ. അവന്റെ സാമീപ്യം കരഗതമാകുന്നവരാക്കി അവൻ നമ്മേ മാറ്റുമാറാകട്ടെ.

**Khuthba**
Hadhrat Mirza Masroor Ahmad, Khalifathul Masih V
on 30.01.2009 at Baithul Futuh, London

*Translated by: M.Nasir Ahmad*, Kodiyathur- Mob: 9446151197
Page Layout & Typeset: Majlis Khuddamul Ahmadiyya,Kakkanad
Published by: Majlis Khuddamul Ahmadiyya, Kerala